2023
SEPTEMBER
16
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## വായ്പാ ആപ് തട്ടിപ്പ്: നീക്കിയത് 231 ആപ്പുകൾ; 77 എണ്ണം ഇപ്പോഴും സജീവം

**ന്യൂഡൽഹി:** തട്ടിപ്പ് വായ്പാ ആപ്പുകൾ നേരിടാൻ ആപ് സ്റ്റോറുകൾ, കേന്ദ്രസർക്കാർ, റിസർവ് ബാങ്ക് എന്നിവ ഒരു വർഷത്തിലേറെയായി പ്രഖ്യാപനങ്ങൾ പലതു നടത്തുന്നുണ്ടെങ്കിലും നടപടി ഇനിയും അകലെ. ജൂലൈയ്ക്കു ശേഷം മാത്രം ഗൂഗിൾ, ആപ്പിൾ പ്ലേ സ്റ്റോറുകളിൽ നിന്ന് 231 തട്ടിപ്പ് വായ്പാ ആപ്പുകളാണ് നീക്കം ചെയ്തത്. ഇതിൽ ഗൂഗിൾ പ്ലേ സ്റ്റോറിലെ 133 എണ്ണവും ആപ്പിൾ സ്റ്റോറിലെ 98 എണ്ണവും ഉൾപ്പെടും. ഇവയോരോന്നും ഉപയോഗിച്ചിരുന്നത് ലക്ഷക്കണക്കിനാളുകൾ. വ്യാജമെന്ന് കണ്ടെത്തി നീക്കം ചെയ്താൽ തൊട്ടടുത്ത ദിവസം പുതിയ പേരിലും പുതിയ രൂപത്തിലും പുനർജനിക്കുന്നവയാണ് ആപ് സ്റ്റോറുകളിലെ തട്ടിപ്പ് ആപ്പുകൾ ഏറെയും.

ഇന്നലെ മാത്രം നടത്തിയ പരിശോധനയിൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ ഇപ്പോൾ ലഭ്യമായിരിക്കുന്നത് ഏറ്റവും കുറഞ്ഞത് 77 തട്ടിപ്പ് ലോൺ ആപ്പുകളാണ്. യഥാർഥ സ്ഥാപനങ്ങളുടെ പേര് അനധികൃതമായി ഉപയോഗിച്ചാണ് പ്രവർത്തനം. ഇതിൽ 20 ദിവസം മാത്രം പഴക്കമുള്ള കാഷ്പോക്കറ്റ് എന്ന ആപ്പിന് ഒരു ലക്ഷത്തിലേറെ ഡൗൺലോഡുകളാണുള്ളത്. ഗൂഗിൾ പ്ലേ സ്റ്റോർ ഫിനാൻസ് വിഭാഗത്തിൽ 19ാം സ്ഥാനത്താണ് കാഷ് പോക്കറ്റ്. ഇത് ഭീം യുപിഐ, എസ്ബിഐ യോനോ ലൈറ്റ് അടക്കമുള്ള ബാങ്കിങ് ആപ്പുകളേക്കാൾ മുന്നിലാണെന്ന് ഓർക്കണം!

മുൻപ് നീക്കം ചെയ്യപ്പെട്ടവയുടെ പുതുരൂപം മാത്രമാണ് ഈ 77 ആപ്പുകൾ. എല്ലാം നിയന്ത്രിക്കുന്നത് ഒരേ തട്ടിപ്പുശൃംഖലകൾ തന്നെ. ആപ് പ്രവർത്തനം നിലച്ചാലും അതിലൂടെ വായ്പയെടുത്തവർക്കുമേലുള്ള ഭീഷണി തുടരും. 60 ദിവസത്തിൽ കുറവ് തിരിച്ചടവ് കാലാവധിയുള്ള വായ്പാ ആപ്പുകൾ അനുവദിക്കില്ലെന്നാണ് ഗൂഗിൾ പ്ലേ സ്റ്റോറിന്റെ നയം. അങ്ങനെയെങ്കിൽ 7 ദിവസം തിരിച്ചടവ് കാലാവധിയുള്ള വായ്പാ ആപ്പുകൾ പ്ലേ സ്റ്റോറിൽ ഹിറ്റായി ഓടുന്നതെങ്ങനെയെന്ന ചോദ്യം ബാക്കി. ആപ്പുകൾക്ക് ഫോണുകളിലെ കോൺടാക്ട് ലിസ്റ്റ്, ഗാലറി, സ്റ്റോറേജ് തുടങ്ങിയവയുടെ പെർമിഷനുകൾ ഉപയോഗിക്കാനാവില്ലെന്ന വ്യവസ്ഥയുണ്ട്. ഇതും പാലിക്കപ്പെടുന്നില്ല.

## ഇടത്തരക്കാർക്ക് വീട് നിർമിക്കാൻ ഹൗസിങ് ബോർഡ് സബ്സിഡി

**തിരുവനന്തപുരം:** ഇടത്തരം വരുമാനക്കാരുടെ വീട് എന്ന സ്വപ്നം യാഥാർഥ്യമാക്കുന്നതിനു കൈത്താങ്ങുമായി സംസ്ഥാന ഭവന നിർമാണ ബോർഡ്. ബാങ്കിൽനിന്നു വായ്പയെടുത്തു വീട് വയ്ക്കുന്നവർക്കു മൂന്നു ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന, ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം നടപ്പാക്കാൻ തീരുമാനിച്ചു. 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്കു പ്രയോജനം ലഭിക്കും. വീടു വയ്ക്കാൻ സ്വന്തമായി കുറഞ്ഞത് ഒന്നര സെന്റ് ഭൂമി മതി. വീടിന്റെ നിർമാണച്ചെലവിന്റെ 75 ശതമാനം ഗുണഭോക്തൃവിഹിതവും 25 ശതമാനം സർക്കാർ സബ്സിഡിയും എന്ന നിരക്കിലാണു സഹായം നൽകുക. കെട്ടിടം പണിയിൽ വീഴ്ച വരുത്തുകയോ, പണി പൂർത്തീകരിക്കാതിരിക്കുകയോ ചെയ്താൽ തുക പലിശ സഹിതം തിരിച്ചുപിടിക്കും.

# ബന്ധം വഷളാകുന്നു

## കാനഡ ഇന്ത്യ സ്വതന്ത്രവ്യാപാരകരാർ ചർച്ചകൾ നിർത്തിവച്ചു



**ന്യൂഡൽഹി:** ഇന്ത്യ കാനഡ ബന്ധം വഷളാകുന്നതിനെ തുടർന്ന് സ്വതന്ത്രവ്യാപാരകരാറിലുള്ള ചർച്ചകൾ നിർത്തിവച്ചു. ഇരുരാജ്യങ്ങളുമായുള്ള നയതന്ത്രബന്ധം മോശമാകുന്നതിനെ തുടർന്നാണ് നടപടി. രാഷ്ട്രീയവിഷയങ്ങളിലെ ഭിന്നത പരിഹരിച്ച ശേഷം ചർച്ചകൾ തുടരുമെന്നാണ് അധികൃതർ വ്യക്തമാക്കുന്നത്. ചർച്ചകൾ നിർത്തിയതായി കാനഡ അറിയിച്ചിരുന്നു. ഈ വർഷം ഉഭയകക്ഷി കരാർ ഒപ്പുവയ്ക്കാൻ ഒരുങ്ങുന്നുവെന്ന് ഇരുരാജ്യങ്ങളും അറിയിച്ച് മൂന്നുമാസത്തിന് ശേഷമാണ് കാനഡയുടെ അപ്രതീക്ഷിത നീക്കം.

ഇന്ത്യ എതിർപ്പു പ്രകടിപ്പിച്ച പല തരത്തിലുള്ള രാഷ്ട്രീയ വികാസങ്ങളാണ് കാനഡയിലുണ്ടാകുന്നത്. ഈ കാര്യങ്ങളിൽ ഇന്ത്യ ശക്തമായ എതിർപ്പാണ് അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ തീരുമാനമുണ്ടാകുന്നതുവരെ ചർച്ചകൾ നിർത്തിവയ്ക്കുന്നു അധികൃതർ അറിയിച്ചു.

ജി20 ഉച്ചകോടിക്കെതിരെ ഖലിസ്ഥാൻ വിഷയത്തിൽ ശക്തമായ പ്രതിഷേധം പ്രധാനമന്ത്രി നരേന്ദ്ര മോദി, കാനഡയുടെ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയെ അറിയിച്ചിരുന്നു. ഇന്ത്യ വിരുദ്ധ നീക്കം തടയുന്നതിലെ അലംഭാവത്തെക്കുറിച്ച് നരേന്ദ്ര മോദി ശക്തമായ ഭാഷയിലാണ് പ്രതികരിച്ചത്. പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ബന്ധം പോലെ വഷളായ അവസ്ഥയിലാണ് ഇന്ത്യ കാനഡ ബന്ധമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു.

## രാഹുൽ നവീൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പുതിയ മേധാവി

**ന്യൂഡൽഹി:** എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ആക്ടിങ് ഡയറക്ടറായി രാഹുൽ നവീനെ നിയമിച്ച് കേന്ദ്രസർക്കാർ. 1993 ബാച്ച് ഐആർഎസ് ഉദ്യോഗസ്ഥനാണ് രാഹുൽ നവീൻ. ആദായനികുതി വിഭാഗത്തിലാണ് അദ്ദേഹം പ്രവർത്തിക്കുന്നത്. ഇഡി ഹെഡ്ക്വാർട്ടേഴ്സ് വിജിലൻസ് മേധാവിയായും പ്രവർത്തിക്കും. ബിഹാർ സ്വദേശിയാണ് രാഹുൽ നവീൻ.

2018 ൽ ഇഡി മേധാവിയായ സഞ്ജയ് കുമാർ മിശ്രയെ അടുത്ത വർഷം വരെ പദവിയിൽ നിലനിർത്താനുള്ള കേന്ദ്രത്തിന്റെ ശ്രമം സുപ്രീം കോടതി തടഞ്ഞിരുന്നു. കഴിഞ്ഞ മേയിൽ മിശ്രയുടെ സേവന കാലാവധി നീട്ടിനൽകണമെന്ന കേന്ദ്രത്തിന്റെ അഭ്യർഥന തള്ളിയ സുപ്രീം കോടതി സെപ്റ്റംബർ 15ന് അദ്ദേഹം വിരമിക്കണമെന്ന് ഉത്തരവിട്ടിരുന്നു. ഇതോടെയാണ് ആക്ടിങ് ഡയറക്ടറെ നിയമിച്ചത്.

അന്വേഷണ ഏജൻസികളായ സിബിഐ, എൻഫോഴ്സ്മെന്റ് !ഡയറക്ടറേറ്റ് (ഇഡി) എന്നിവയുടെ പ്രവർത്തനത്തിനു മേൽനോട്ടം വഹിക്കാൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫിസർ (സിഐഒ) എന്ന പേരിൽ പുതിയ പദവി സൃഷ്ടിക്കാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നു. സിബിഐ, ഇഡി മേധാവികൾ സിഐഒയുടെ കീഴിലായിരിക്കും.

## ബോംബെ ഡൈയിങ് 5200 കോടി രൂപയുടെ ഭൂമി വിൽക്കുന്നു

**മുംബൈ:** 3456 കോടി രൂപയുടെ കടമുണ്ടെന്ന വാർത്തകൾക്കു പിന്നാലെ ബോംബെ ഡൈയിങ് 22 ഏക്കർ ഭൂമി വിൽക്കുന്നു. വാഡിയ ഇന്റർനാഷനൽ സെന്ററിലെ ഭൂമിയാണ് 5200 കോടി രൂപയ്ക്ക് ജാപ്പനീസ് റിയൽ എസ്റ്റേറ്റ് കമ്പനി സുമിറ്റോമോ കോർപറേഷന് വിൽക്കുന്നത്. മുംബൈയിലെ റിയൽ എസ്റ്റേറ്റ് രംഗത്ത് സമീപകാലത്ത് നടന്ന ഏറ്റവും വലിയ ഇടപാടുകളിലൊന്നാണിത്. ബുധനാഴ്ച ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിലാണ് തീരുമാനം. കമ്പനിയുടെ അടിത്തറ ശക്തമാണെന്നും നിലവിൽ പ്രശ്നങ്ങളില്ലെന്നും ചെയർമാൻ നുസ്‌ലി വാഡിയ പറഞ്ഞു. വാഡിയ ഗ്രൂപ്പിന് മുംബൈയിൽ മാത്രം 700 ഏക്കറോളം ഭൂമിയുണ്ട്.






# തോട്ടം മേഖല പുനരുജ്ജീവിപ്പിക്കാൻ സഹായം തേടി ഉപാസി

**കൂനൂർ :** രാജ്യാന്തര കാർബൺ ക്രെഡിറ്റ് വിപണിയുടെ സാധ്യതകൾ ഉൾപ്പെടെ ലക്ഷ്യമാക്കി തോട്ടം മേഖല പുനരുജ്ജീവിപ്പിക്കാനുള്ള ഇടപെടലുകൾക്കു കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പിന്തുണ വേണമെന്നു യുണൈറ്റഡ് പ്ലാന്റേഷൻ അസോസിയേഷൻ ഓഫ് സൗത്ത് ഇന്ത്യയുടെ (ഉപാസി) വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. ജൈവപ്രാധാന്യമുള്ള തോട്ടങ്ങൾ സംരക്ഷിക്കുന്ന പ്ലാന്റർമാരുടെ കൂട്ടായ്മയായ ഉപാസിക്കു രാജ്യാന്തര കാർബൺ വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നും അഭിപ്രായപ്പെട്ടു. വിലയിടിവ്, കയറ്റുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം, തൊഴിലാളിക്ഷാമം തുടങ്ങിയ കാരണങ്ങളാൽ തോട്ടം മേഖല പ്രതിസന്ധിയിലാണ്.

വിളകളുടെ വൈവിധ്യവൽക്കരണം, ഇടവിളക്കൃഷി പ്രോത്സാഹനം, ഇക്കോ ടൂറിസം ഉൾപ്പെടെയുള്ള വഴികളിലൂടെ വരുമാനവർധനയ്ക്കു ശ്രമിക്കുന്നു. പ്ലാന്റർമാരെ സഹായിക്കാൻ ദേശീയ, രാജ്യാന്തര തലത്തിലുള്ള സ്ഥാപനങ്ങളുമായി ഗവേഷണത്തിനും സാങ്കേതികസഹായത്തിനും ഉപാസി കരാറിലേർപ്പെട്ടിട്ടുണ്ട്. മിശ്രിത റബറിന്റെ (കോംപൗണ്ട് റബർ) ഇറക്കുമതി തീരുവ കേന്ദ്രം വർധിപ്പിച്ചെങ്കിലും സ്വതന്ത്രവ്യാപാര കരാർ നിലവിലുള്ള ആസിയാൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന്റെ തീരുവ കൂടി വർധിപ്പിച്ചാൽ മാത്രമേ പ്രയോജനമുള്ളൂ. കാപ്പിയുടെയും തേയിലയുടെയും രക്ഷയ്ക്കു സർക്കാരിന്റെ ക്ഷേമപദ്ധതികൾ വേണമെന്നു പ്രസിഡന്റ് ജെഫ്രി റെബല്ലോ ആവശ്യപ്പെട്ടു.

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ ഏകോപിപ്പിച്ചു നടപ്പാക്കുന്നതു തോട്ടം മേഖലയ്ക്കു കൂടുതൽ നേട്ടമുണ്ടാക്കുമെന്ന് ഉദ്ഘാടനം നിർവഹിച്ച കേന്ദ്ര വാണിജ്യ അഡീഷനൽ സെക്രട്ടറി (പ്ലാന്റേഷൻ) അമർജിത് സിങ് ഭാട്ടിയ പറഞ്ഞു. കേരളത്തിൽ റബറിനും തമിഴ്നാട്ടിൽ തേയിലയ്ക്കും സംസ്ഥാന സർക്കാരിന്റെ കൂടി പിന്തുണ ലഭിക്കുന്നതു ഗുണകരമാണ്. ഗുണമേന്മയുള്ള ഉൽപന്നത്തിനു നല്ല വില ലഭിക്കുന്നതിനാൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിന്റെ സാധ്യതകൾ പരീക്ഷിക്കണമെന്നു മുഖ്യാതിഥിയായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫർമേഷൻ ഓഫ് കർണാടക വൈസ് ചെയർമാൻ പ്രഫ.എം.വി.രാജീവ് ഗൗഡ അഭിപ്രായപ്പെട്ടു. ഉപാസി പ്രസിഡന്റ് ജെഫ്രി റെബല്ലോ, വൈസ് പ്രസിഡന്റ് ശ്രീധരൻ ചന്ദ്രൻ, സെക്രട്ടറി ജനറൽ ആർ.സിൻജിത് എന്നിവർ പ്രസംഗിച്ചു.

# ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം: വിവിധ സർക്കാർ വകുപ്പുകളെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കാൻ ജല അതോറിറ്റി

**ശാസ്താംകോട്ട:** ശുദ്ധജല സ്രോതസ്സായ ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനായി ജല അതോറിറ്റിയുടെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കും. തടാകത്തിനു സമീപത്തെ ജലസ്രോതസ്സുകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പാക്കുന്നതിനു പദ്ധതികൾ നടപ്പാക്കുമെന്നു ജലഅതോറിറ്റി എംഡി ദിനേശൻ ചാരുവാട്ട് പറഞ്ഞു.



ശാസ്താംകോട്ട പഞ്ചായത്തിൽ യോഗം ചേർന്ന ശേഷം ജലഅതോറിറ്റി ഉന്നത ഉദ്യോഗസ്ഥ സംഘം തടാകത്തിലും ചേലൂർ കായലിലും കല്ലടയാറിന്റെ തീരത്തെ ഞാങ്കടവ് ശുദ്ധജല പദ്ധതി പ്രദേശത്തും എത്തി വിവരശേഖരണം നടത്തി. തടാക സംരക്ഷണത്തിനായി വിദഗ്ധരുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തും. മണ്ണൊലിപ്പും മലിനീകരണവും തടയാനുള്ള പദ്ധതി ആവിഷ്കരിക്കും. കൊല്ലം കോർപറേഷന്റെയും തടാകത്തിന്റെ വൃഷ്ടിപ്രദേശങ്ങളിലെ പഞ്ചായത്തുകളുടെയും സഹകരണവും സാന്നിധ്യവും ഉറപ്പാക്കും.

ഞാങ്കടവ് ശുദ്ധജല പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദേശങ്ങൾ നൽകുമെന്നും അധികൃതർ പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് ആർ.ഗീത, ജലഅതോറിറ്റി ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗം ഉഷാലയം ശിവരാജൻ, ജലനിധി ടെക്നിക്കൽ ഡയറക്ടർ ടി.കെ.മണി, സിഡബ്ല്യുആർഡിഎം സയന്റിസ്റ്റ് ഡോ. എസ്.ദീപു, കെആർഡബ്ല്യുഎസ്എ ഡപ്യൂട്ടി ഡയറക്ടർ ഡോ. വി.പ്രദീപ്കുമാർ, ഡയറക്ടർ എം.പ്രേംലാൽ, പി.വി.ലാലച്ചൻ, സീനിയർ എൻജിനീയർ പി.നാരായണൻ നായർ, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ അനിൽ തുമ്പോടൻ, തടാക സംരക്ഷണ പ്രവർത്തകരായ മാധവൻ പിള്ള, എസ്.ഗോവിന്ദപ്പിള്ള, അസി. എക്സി. എൻജിനീയർമാരായ ജി.താര, സോണിയ, അസി. എൻജിനീയർമാരായ റെജിവാസ്, രതീഷ്കുമാർ, എസ്.ശ്രീരാജ്, എന്നിവർ പങ്കെടുത്തു.



# നിപ്പ: കവചമൊരുക്കി കോട്ടയം മെഡിക്കൽ കോളജ്

**ഗാന്ധിനഗർ:** സംസ്ഥാനത്തു നിപ്പ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കാൻ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയും ഒരുങ്ങി. നിപ്പയ്ക്കെതിരെ എല്ലാ ആശുപത്രികളും മുൻകരുതലുകൾ ഒരുക്കണമെന്ന ആരോഗ്യവകുപ്പിന്റെ നിർദേശപ്രകാരമാണു മെഡിക്കൽ കോളജിലും വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയത്.

കോവിഡിനെ വിജയകരമായി നേരിട്ട മെഡിക്കൽ കോളജിലെ വിദഗ്ധസംഘം തന്നെയാണ് ഇക്കുറി നിപ്പയെ പ്രതിരോധിക്കാനും രംഗത്തുള്ളത്. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. എസ്.ശങ്കർ, ആശുപത്രി സൂപ്രണ്ട് ടി.കെ.ജയകുമാർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വകുപ്പു മേധാവികൾ ചേർന്ന് ഒറ്റക്കെട്ടായാണു പ്രതിരോധം തീർക്കുന്നത്. 6 ഐസലേഷൻ മുറികളിലായി 12 കിടക്കകളാണ് ആദ്യഘട്ടത്തിൽ തയാറാക്കിയിരിക്കുന്നത്.

വെന്റിലേറ്റർ, ഡയാലിസിസ് സംവിധാനം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക്, കൺട്രോൾ റൂം എന്നിവ ഒരുക്കും. പിപിഇ കിറ്റുകൾ, അവശ്യമരുന്നുകൾ തുടങ്ങിയവയും കരുതിയിട്ടുണ്ട്. അത്യാഹിതവിഭാഗത്തിനു മുകളിൽ നാലാം നിലയിലാണ് ഐസലേഷൻ മുറികൾ ക്രമീകരിച്ചിരിക്കുന്നത്. കോവിഡ് ബാധിതർക്ക് ഐസലേഷൻ വാർഡുകൾ മതിയായിരുന്നുവെങ്കിൽ നിപ്പ വൈറസ് ബാധിതർക്കു പ്രത്യേക മുറികൾ വേണം. രോഗിയുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനാണിത്.

ഡോ. ജുബി ജോൺ ആണു പ്രതിരോധ പ്രവർത്തനങ്ങളുടെ നോഡൽ ഓഫിസർ. ഒരുക്കങ്ങൾ വിലയിരുത്താൻ കലക്ടർ വി.വിഘ്നേശ്വരിയുടെ അധ്യക്ഷതയിൽ ഇന്നു മെഡിക്കൽ കോളജിൽ പ്രത്യേക യോഗം ചേരും. ജില്ലയിൽ നിലവിൽ കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും പ്രതികൂല സാഹചര്യമുണ്ടായാൽ അതിനെ നേരിടാൻ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി സജ്ജമാണെന്ന് ആശുപത്രി സൂപ്രണ്ട് ഡോ. ടി.കെ.ജയകുമാർ പറഞ്ഞു.

# ഭിന്നശേഷി കൂട്ടായ്മകളുടെ ഉത്പന്നങ്ങൾ സർക്കാർ ഔട്ട്ലറ്റുകൾ വഴി വിറ്റഴിക്കും

**തിരുവനന്തപുരം:** വ്യത്യസ്തങ്ങളായ സംരംഭങ്ങളുടെ ഭാഗമായി ഭിന്നശേഷി കൂട്ടായ്മകൾ നിർമിക്കുന്ന ഉത്പന്നങ്ങൾ സർക്കാർ ബ്രാൻഡോടു കൂടി വിപണിയിലെത്തിക്കാൻ സർക്കാർ ഔട്ട്ലറ്റുകൾ പ്രയോജനപ്പെടുത്തുമെന്ന് മന്ത്രി ആർ.ബിന്ദു. ഭിന്നശേഷി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കായി കേരള നോളജ് ഇക്കോണമി മിഷൻ നടപ്പാക്കുന്ന 'സമഗ്ര' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

പുതിയ വൈജ്ഞാനിക മേഖലകളിൽ നൈപുണി വികസനം ഉൾപ്പെടെ ഉറപ്പാക്കി ഭിന്നശേഷിക്കാരെ വരുമാനദായകമായ തൊഴിലുകളിലെത്തിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം.ഇതിന്റെ ഭാഗമായി കെ ഡിസ്കിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കിയിട്ടുണ്ട്. ഓരോരുത്തരുടെയും നൈപുണി അനുസരിച്ച് പ്രമുഖ സംരംഭങ്ങളിൽ അവസരം ലഭിക്കാൻ ഇതുവഴി സാധിക്കുമെന്നും മന്ത്രി പറഞ്ഞു.ഭിന്നശേഷിക്കാർക്കായി നൈപുണി വികസനത്തിന് റസിഡൻഷ്യൽ പരിശീലനം നൽകും.യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം വഴി ഭിന്നശേഷിക്കാരുടെ ആശയങ്ങൾ പ്രയോഗവത്കരിക്കാൻ ധനസഹായം നൽകുമെന്നും മന്ത്രി പറഞ്ഞു.

നോളജ് ഇക്കോണമി മിഷൻ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഭിന്നശേഷി സമൂഹത്തിന്റെ ഉന്നമനവും തൊഴിൽ സാധ്യതകളുടെ പരിഗണനകളും വിശദമായി പരിശോധിക്കുകയും 2026 ന് മുൻപ് വൈജ്ഞാനിക തൊഴിലിൽ തൽപരരായ പ്ലസ്ടുവോ അതിനു മുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും കണ്ടെത്തി നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ ലഭ്യമാക്കുകയുമാണ് സമഗ്ര പദ്ധതിയുടെ ലക്ഷ്യം.കൈമനം ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിൽ നടന്ന ചടങ്ങിൽ നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ പി.എസ് ശ്രീകല, പാപ്പനംകോട് വാർഡ് കൗൺസിലർ ആശാനാഥ് ജി.എസ്, കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ ജയാ ഡാളി എം. വി,കെഡിസ്ക് മെമ്പർ സെക്രട്ടറി പി.വി ഉണ്ണികൃഷ്ണൻ എന്നിവരും പങ്കെടുത്തു.




**എറണാകുളം ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയ്ക്ക് ഭീമാ ജ്വല്ലറി സിഎസ്ആർ പദ്ധതിയുടെ ഭാഗമായി സംഭവാന ചെയ്ത ഡി ലെവൽ ഐ.സി.യു ആംബുലസിന്റെ താക്കോൽ ഭീമാ ജ്വല്ലേഴ്സ് ചെയർമാൻ ബിന്ദു മാധവിൽ നിന്നും സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രി പ്രസിഡന്റ് ആർ.രത്നാകര ഷേണായ് ഏറ്റു വാങ്ങുന്നു. വി മനോഹര പ്രഭു, സരോജിനി ബിന്ദു മാധവ്, അഭിഷേക് ബിന്ദുമാധവ്, മേയർ എം.അനിൽകുമാർ, ഡോ.എം.ഐ ജുനൈദ് റഹ്മാൻ തുടങ്ങിയവർ സമീപം**

## ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയ്ക്ക് ഭീമാ ജ്വല്ലേഴ്സ് ആംബുലൻസ് നൽകി

**കൊച്ചി:** എറണാകുളം ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയ്ക്ക് ഭീമാ ജ്വല്ലേഴ്സ് സി.എസ്.ആർ പദ്ധതിയുടെ ഭാഗമായി സംഭാവന ചെയ്ത ഡി ലെവൽ ഐ.സി.യു ആംബുലസ് കൈമാറി. ആശുപത്രി പ്രസിഡന്റ് ആർ.രത്നാകര ഷേണായിയുടെ അധ്യക്ഷതയിൽ ആശുപത്രി അങ്കണത്തിൽ നടന്ന ചടങ്ങിൽ ആംബുലൻസിന്റെ താക്കോൽ ഭീമാ ജ്വല്ലേഴ്സ് ചെയർമാൻ ബിന്ദു മാധവിൽ നിന്നും ആർ.രത്നാകര ഷേണായ് ഏറ്റുവാങ്ങി. കൊച്ചി മേയർ എം.അനിൽകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഭീമ ജ്വല്ലേഴ്സ് ഡയറക്ടർ സരോജിനി ബിന്ദുമാധവ്, ഗോപകുമാർ, പാലിയേറ്റീവ് കെയർ മെഡിക്കൽ ഓഫിസർ ഡോ.അതുൽ ജോസഫ് മാനുവൽ, ഭീമ ജ്വല്ലേഴ്സ് എം.ഡി അഭിഷേക് ബിന്ദു മാധവ്, സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രി ജനറൽ സെക്രട്ടറി വി മനോഹരപ്രഭു, ആശുപത്രി ഡയറക്ടർ ഡോ.എം.ഐ ജുനൈദ് റഹ്മാൻ തുടങ്ങിയവർ സംസാരിച്ചു.



**നാരായണീയ മഹോത്സവത്തിലെ ശതകോടിയർച്ചന ദ്രവ്യ സമർപ്പണത്തിനായുള്ള എഴുന്നള്ളിപ്പ് ചിറ്റേത്ത് ബാല സുബ്രഹ്മണ്യ സ്വാമിക്ഷേത്രത്തിൽ ക്ഷേത്രം മേൽശാന്തിയുടെ നേതൃത്വത്തിൽ നടന്നപ്പോൾ. അഡ്വ.എം രാമകൃഷ്ണൻ, ജസ്റ്റിസ് എം രാമചന്ദ്രൻ, എം ബി വിജയകുമാർ, സി വി പുഷ്പൻ സ്വാമികൾ തുടങ്ങിയവർ സമീപം**

## നാരായണീയ മഹോൽസവം: ദ്രവ്യസമാഹരണം തുടങ്ങി

**കൊച്ചി:** നവംബർ 5 മുതൽ 12 വരെ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കുന്ന നാരായണീയ മഹോത്സവത്തിലെ

ശതകോടിയർച്ചന ദ്രവ്യ സമർപ്പണത്തിനായി എഴുന്നള്ളിപ്പ് നടന്നു. ചിറ്റേത്ത് ബാല സുബ്രഹ്മണ്യ സ്വാമിക്ഷേത്രത്തിൽ ക്ഷേത്രം മേൽശാന്തിയുടെ നേതൃത്വത്തിൽ നടന്ന ദ്രവ്യ സമാഹരണം ജസ്റ്റിസ് എം രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. അഡ്വ എം രാമകൃഷ്ണൻ, ജസ്റ്റീസ് എം രാമചന്ദ്രൻ, എം ബി. വിജയകുമാർ, സി.വി പുഷ്പൻ സ്വാമികൾ തുടങ്ങിയവർ പങ്കെടുത്തു.

## പഠനമുറി പദ്ധതിയിലേക്ക് അപേക്ഷിക്കാം

**കുഴൽമന്ദം:** ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്ന പഠനമുറി പദ്ധതിയിലേക്ക് അപേക്ഷിക്കാം. അഞ്ച് മുതൽ 12ാം ക്ലാസ് വരെയുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികളാണ് അപേക്ഷിക്കേണ്ടത്. അപേക്ഷകർ ജാതി, വരുമാനം, കോഴ്സ് സർട്ടിഫിക്കറ്റ്, വീടിന്റെ വിസ്തീർണ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ജില്ലാ പട്ടികജാതി വികസന ഓഫീസിൽ/ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം സെപ്റ്റംബർ 30 ന് വൈകിട്ട് അഞ്ചിനകം കുഴൽമന്ദം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭ്യമാക്കണം. ഫോൺ: 8547630127.

# കേരളത്തിന്റെ ടൂറിസം തലസ്ഥാനമാകാൻ ഇടുക്കി ഒരുങ്ങുന്നു



**മൂന്നാർ:** കേരളത്തിന്റെ ടൂറിസം തലസ്ഥാനമാകാനാണ് ഏറ്റവും വലിയ ജില്ലയായ ഇടുക്കി ഒരുങ്ങുന്നത്. അതിനാൽ തന്നെ സഞ്ചാരികൾ എത്തുമ്പോ!ൾ അവർക്ക് സുരക്ഷ നൽകേണ്ടത് അത്യാവശ്യമാണ്. എന്നാൽ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷയുടെ കാര്യത്തിൽ മുന്നിലല്ല. ആവശ്യത്തിന് പൊലീസ് സംവിധാനങ്ങളോ എയ്ഡ്പോസ്റ്റുകളോ വിനോദസഞ്ചാര കേന്ദ്രങ്ങളിലില്ല. അധികൃതർ എത്രയും പെട്ടെന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് ജനങ്ങളുടെ ആവശ്യം

തേക്കടിയിൽ പേരിന് ടൂറിസം പൊലീസ് ഓഫിസുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചാരികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. കുമളി പഞ്ചായത്ത് ബസ്സ്റ്റാൻഡിലും ആനവച്ചാൽ പാർക്കിങ് ഗ്രൗണ്ടിനു സമീപവുമാണ് ടൂറിസം പൊലീസിന് ഓഫിസുകളുള്ളത്. നാമമാത്രമായ പൊലീസുകാർ മാത്രമാണ് ഇവിടെ ഡ്യൂട്ടിയിൽ ഉള്ളത്. മുൻപ് സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നത് ഉൾപ്പെടെ ഏത് ആവശ്യത്തിനും ടൂറിസം പൊലീസ് പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഒന്നും കാര്യക്ഷമമല്ല.

ആനവച്ചാൽ പാർക്കിങ് ഗ്രൗണ്ടിൽ വനംവകുപ്പ് ജീവനക്കാരും സഞ്ചാരികളും തമ്മിൽ വാഹനം പാർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കുമളി സ്റ്റേഷനിൽ നിന്ന് പൊലീസ് എത്തിയാണ് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുക. ടൂറിസം പൊലീസിന്റെ പ്രവർത്തനം കാര്യക്ഷമമാണെങ്കിൽ ഇവിടെ പ്രശ്നങ്ങൾ ഉണ്ടാകാതെ നോക്കാൻ കഴിയും.

മൂന്നാറിൽ മാട്ടുപ്പെട്ടി ജലാശയത്തിനു സമീപം ടൂറിസം പൊലീസ് എയ്ഡ് പോസ്റ്റ് വർഷങ്ങൾക്കു മുൻപ് പ്രവർത്തിച്ചിരുന്നു. ഒരു എഎസ്ഐ ഉൾപ്പെടെ 7 ഉദ്യോഗസ്ഥരാണ് നിയമിക്കപ്പെട്ടത്. എന്നാൽ ടൂറിസം പൊലീസായി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർക്ക് താൽപര്യമില്ലാതായതോടെ എയ്ഡ് പോസ്റ്റ് പൂട്ടി. വർഷങ്ങളായി പൂട്ടിക്കിടക്കുന്ന എയ്ഡ് പോസ്റ്റ് നിലവിൽ കാടുപിടിച്ചു കിടക്കുകയാണ്. മൂന്നാർ സ്റ്റേഷനിൽ നിലവിൽ 2 ടൂറിസം പൊലീസ് ഉദ്യോഗസ്ഥരുണ്ടെങ്കിലും ഇവർ മറ്റു ഡ്യൂട്ടികളാണ് ചെയ്യുന്നത്.

മുൻപ് ഇടുക്കി പാർക്കിനോട് അനുബന്ധിച്ചായിരുന്നു ടൂറിസം പൊലീസ് സ്റ്റേഷൻ നിർമിച്ചത്. തുടർന്ന് വൈദ്യുതി, വെള്ളം അടക്കമുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയെങ്കിലും സ്റ്റേഷൻ ഉദ്ഘാടനം ചെയ്തില്ല. ഇടുക്കി പാർക്കിന്റെ പ്രവർത്തനം പൂർണ നിലയിൽ ആയില്ലെന്നാണു കാരണമായി പറയുന്നത്. നിലവിൽ ഇടുക്കി പൊലീസ് സ്റ്റേഷനിലെ ഒരു സിവിൽ പൊലീസ് ഓഫിസർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ഇടുക്കി അണക്കെട്ടിലും ഹിൽവ്യൂ പാർക്കിലും എത്തുന്ന സഞ്ചാരികൾ ഇപ്പോൾ സഹായത്തിന് ആവശ്യമുണ്ടെങ്കിൽ സമീപിക്കുന്നത് ഇടുക്കി പൊലീസിനെയാണ്.

# തൃശൂർ സ്റ്റേഷൻ: വരുമാനം 134 കോടി കടന്നു




**തൃശൂർ:** കോവിഡിന്റെ കിതപ്പാറ്റി റെയിൽവേ അതിവേഗമാർജിച്ചപ്പോൾ 134 കോടി രൂപയുടെ റെക്കോർഡ് വരുമാനവുമായി തൃശൂർ സ്റ്റേഷൻ. കോവിഡ് കാലത്ത് 19.90 കോടിയായിരുന്നു തൃശൂർ സ്റ്റേഷന്റെ വരുമാനമെങ്കിൽ പുതിയ കണക്കുപ്രകാരം 134.61 കോടി രൂപയായി വാർഷിക വരുമാനം കുതിച്ചുകയറി. വർധന ആറിരട്ടിയോളം. 215.95 കോടി രൂപ നേടിയ തിരുവനന്തപുരം സെൻട്രൽ, 231.43 കോടി രൂപ നേടിയ എറണാകുളം ജംക്ഷൻ സ്റ്റേഷനുകളാണു വരുമാനക്കണക്കിൽ തിരുവനന്തപുരം ഡിവിഷനിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ. മൂന്നും നോൺ സബർബൻ ഗ്രൂപ്പ് 2 വിഭാഗത്തിൽപ്പെട്ട സ്റ്റേഷനുകളാണ്.

കോവിഡ് കാലത്തെ അപേക്ഷിച്ചു വരുമാനത്തിലും യാത്രക്കാരുടെ എണ്ണത്തിലും തൃശൂർ സ്റ്റേഷൻ പല മടങ്ങു വർധനയാണു കൈവരിച്ചത്. യാത്രക്കാരുടെ എണ്ണം ഒരു വർഷത്തിനുള്ളിൽ 58.71 ലക്ഷമായി ഉയർന്നു. പ്രതിദിന യാത്രക്കാരുടെ എണ്ണം ശരാശരി 16,086 എന്നാണു റെയിൽവേയുടെ കണക്ക്. പ്രതിദിന വരുമാനം 36.88 ലക്ഷം രൂപയായും ഉയർന്നു. തിരുവനന്തപുരം സ്റ്റേഷനിലെ കഴിഞ്ഞ വർഷത്തെ യാത്രക്കാരുടെ എണ്ണം 1.09 കോടിയാണ്. എറണാകുളം ജംക്ഷനിലേത് 73.18 ലക്ഷവും.

കോവിഡ് കാലത്തെ കണക്കുപ്രകാരം 5.50 ലക്ഷമായിരുന്നു തൃശൂർ സ്റ്റേഷനിലെ യാത്രക്കാരുടെ എണ്ണം. പ്രതിദിന വരുമാനം 5.45 ലക്ഷം രൂപയും. സഞ്ചരിക്കുന്ന യാത്രക്കാരുടെ എണ്ണം വെറും 1508 ആയും താഴ്ന്നിരുന്നു. തൃശൂർ കഴിഞ്ഞാൽ ജില്ലയിലേറ്റവും വരുമാനമുള്ള റെയിൽവേ സ്റ്റേഷൻ ഗുരുവായൂർ ആണ്. എൻഎസ്ജി 4 വിഭാഗത്തിലാണു ഗുരുവായൂരിന്റെ സ്ഥാനം. ചാലക്കുടി, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി തുടങ്ങിയ സ്റ്റേഷനുകൾ എൻഎസ്ജി 5 വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

# നിപ്പ പരിശോധന: പുണെ എൻഐവി മൊബൈൽ ലാബ് ടീം കോഴിക്കോട്ട്

**കോഴിക്കോട്:** ജില്ലയിൽ നിപ്പ പരിശോധന വേഗത്തിലാക്കാൻ പുണെ എൻഐവിയുടെ മൊബൈൽ ലാബ് ടീം മെഡിക്കൽ കോളജിലെത്തി. പരിശോധന ആരംഭിക്കാനുള്ള എല്ലാ നടപടികളുമായി. ബയോസേഫ്റ്റി ലെവൽ 3 സൗകര്യത്തോടെയുള്ള മൊബൈൽ ലാബ് പിഎംഎസ്എസ്വൈ ബ്ലോക്കിനു സമീപമാണ് സജ്ജീകരിച്ചത്. മെഡിക്കൽ കോളജിൽ വിആർഡിഎൽ ബയോസേഫ്റ്റി ലെവൽ 2 സൗകര്യത്തോടെയുള്ള ലാബാണുള്ളത്. ഇതിൽ നിപ്പ പരിശോധന നടത്താമെങ്കിലും ലെവൽ 3 ലാബിൽ നടത്തിയ പരിശോധനാഫലമാണ് ആധികാരികം. അതുതന്നെ പുണെ എൻഐവിയിൽ അയച്ച് സ്ഥിരീകരിച്ച ശേഷമേ പ്രഖ്യാപിക്കാനാകുകയുള്ളു.




പുണെ എൻഐവിയുടെ മൊബൈൽ ലാബ് ഇവിടെ സജ്ജീകരിച്ചതിനാൽ ഇനി പരിശോധനയ്ക്ക് അവിടേക്ക് അയയ്ക്കുന്നതുൾപ്പെടെ ഒഴിവാക്കാനാകും. ഡോ. റിമ ആർ സഹായി, ഡോ. കണ്ണൻ ശബരിനാഥ്, ഡോ. ദീപക് പാട്ടീൽ എന്നീ സയന്റിസ്റ്റുമാരും 4 ടെക്നിഷ്യൻമാരുമാണുള്ളത്.

ഇതിനൊപ്പം തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി വികസിപ്പിച്ച മൊബൈൽ ലാബും കോഴിക്കോട്ട് എത്തും. മന്ത്രി വീണാ ജോർജ് ഇന്നലെ വാഹനം ഫ്ലാഗ് ഓഫ് ചെയ്തു. ബയോ സേഫ്റ്റി ലെവൽ 2 (ബിഎസ്എൽ 2) സംവിധാനം മൊബൈൽ ലാബിൽ ഉണ്ട്. രോഗബാധ കണ്ടെത്താൻ ആവശ്യമായ വൈറൽ എക്സ്ട്രാക്ഷൻ, റിയൽ ടൈം പിസിആർ എന്നിവ ലാബിൽ ചെയ്യാൻ സാധിക്കും.

# വയനാട്ടിലെ ടൂറിസം മേഖലയ്ക്ക് തിരിച്ചടിയായി നിപ്പ



**അമ്പലവയൽ:** പ്രതിസന്ധികളിൽ നിന്നു കരകയറി വന്നിരുന്ന ടൂറിസം മേഖലയ്ക്കു തിരിച്ചടിയായി നിപ്പ. ജില്ലയിലെ വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ സഞ്ചാരികളെത്തുകയും ടൂറിസവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കുമെല്ലാം ഭേദപ്പെട്ട വരുമാനം ലഭിക്കുകയും ചെയ്തുകൊണ്ടിരിക്കെ നിപ്പ സ്ഥിരീകരിച്ചത് ടൂറിസം മേഖലയിൽ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. നിപ്പ സ്ഥിരീകരിച്ചതോടെ സഞ്ചാരികളുടെ എണ്ണം കുറഞ്ഞെന്നു മാത്രമല്ല, ജില്ലയിലെ റിസോർട്ട്, ഹോംസ്റ്റേ, വില്ലകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ മുൻകൂട്ടിയുള്ള ബുക്കിങ്ങും ഒട്ടേറെപ്പേർ കാൻസൽ ചെയ്തിട്ടുണ്ട്.

കഴിഞ്ഞ ദിവസങ്ങളിലെ ശക്തമായ മഴ ടൂറിസം കേന്ദ്രങ്ങളിലെത്തുന്നവരുടെ എണ്ണം കുറച്ചെങ്കിലും ഹോംസ്റ്റേകളിലും റിസോർട്ടിലുമടക്കം ഭേദപ്പെട്ട ബുക്കിങ് ലഭിച്ചിരുന്നു. നിലവിൽ ആഴ്ച അവസാനങ്ങളിലെ അവധി ദിവസങ്ങളിലടക്കം ജില്ലയിലേക്ക് എത്താനിരുന്ന സഞ്ചാരികളാണ് ബുക്കിങ് കാൻസൽ ചെയ്യുന്നത്. അയൽ ജില്ലയിൽ നിന്നും അയൽസംസ്ഥാനങ്ങളിൽ നിന്നുമാണ് ജില്ലയിലേക്കു കൂടുതൽ സന്ദർശകരെത്തുന്നത്. നിപ്പ സ്ഥിരീകരിച്ചതോടെ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരടക്കം ബുക്കിങ് കാൻസൽ ചെയ്യുന്നത് ഈ മേഖലയിലുള്ളവർക്ക് വലിയ തിരിച്ചടിയാകും.

ടൂറിസം മേഖലയോട് അനുബന്ധിച്ച് ഉപജീവനം നേടുന്ന വ്യാപാര സ്ഥാപനങ്ങൾ, ടാക്സി ഡ്രൈവർമാർ തുടങ്ങിയ മേഖലകളിലെല്ലാം തിരിച്ചടിയാകും. ഓണ അവധിക്കാലത്ത് 4 ദിവസങ്ങളിൽ ജില്ലയിൽ അരലക്ഷത്തിലേറെ പേരാണ് സന്ദർശകരായി എത്തിയത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നെങ്കിലും ശനി, ഞായർ ദിവസങ്ങളിലെല്ലാം സഞ്ചാരികൾ കൂടുതലായി ജില്ലയിലേക്ക് എത്തുന്നുണ്ട്.

കോവിഡ് അടക്കമുള്ള പ്രതിസന്ധി പിന്നിട്ട് വിനോദ സഞ്ചാര മേഖല വരുമാന സ്ഥിരതയടക്കം നേടി മുൻപോട്ട് പോകുമ്പോഴാണ് നിപ്പയുടെ ആശങ്കകൾ പുതിയ പ്രതിസന്ധിയാകുന്നത്.

# സപ്ലൈകോ നെല്ലെടുപ്പിന് പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ നിയമിക്കും

**പാലക്കാട്** : സപ്ലൈകോ നെല്ലു സംഭരണത്തിന്റെ ഭാഗമായി ജില്ലയിൽ പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ നിയമിക്കാൻ നടപടി തുടങ്ങി. 40 പേരെയാണ് നിയമിക്കുന്നത്. ഇതിൽ 20 പേരെ കൃഷി വകുപ്പിൽ നിന്നു ഡപ്യൂട്ടേഷനിൽ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്. ബാക്കി 20 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ സപ്ലൈകോ നിയമിക്കും.

വിഎച്ച്എസ്സി (കൃഷി/അനുബന്ധ വിഷയം) ആണു യോഗ്യത. ഇരുചക്രവാഹനം ഓടിക്കാൻ അറിയുന്നവർ, പ്രാദേശിക ഉദ്യോഗാർഥികൾ, പ്രവൃത്തി പരിചയം ഉള്ളവർ എന്നിവർക്കു മുൻഗണന.

താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ഇരുചക്ര വാഹന ലൈസൻസ്, ആധാർ, മുൻപരിചയം, മേൽവിലാസം, ഇ മെയിൽ വിശദാംശങ്ങൾ, ഫോട്ടോ പതിച്ച ബയോഡേറ്റ, സാക്ഷ്യപത്രങ്ങൾ സഹിതം ഈ മാസം 20നു മുൻപ് പാലക്കാട് സപ്ലൈകോ പാഡി മാർക്കറ്റിങ് ഓഫിസിൽ അപേക്ഷ നൽകണം. 04912528553.

നെല്ലെടുപ്പിനുള്ള പാഡി മാർക്കറ്റിങ് ഓഫിസർമാരെ കൃഷി വകുപ്പിൽ നിന്നാണു നിയമിക്കുന്നത്. ജില്ലയിൽ 3 പാഡി മാർക്കറ്റിങ് ഓഫിസർ തസ്തികയാണ് ഉള്ളത്. ഇവർക്കു പുറമെയാണ് ഫീൽഡ്തല പരിശോധനയ്ക്കും മറ്റുമായി പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ നിയമിക്കുക.

ഈ തസ്തികയിലേക്കു കൃഷി അസിസ്റ്റന്റുമാരെ ഡപ്യൂട്ടേഷനിൽ നിയമിക്കുന്നതു കൃഷി ഓഫിസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി നേരത്തെതന്നെ വകുപ്പു ചൂണ്ടിക്കാണിച്ചിരുന്നു. ജില്ലയിൽ ഇത്തരത്തിൽ 20 പേരെ നിയമിക്കാനാണ് ലക്ഷ്യമിടുന്നത്. വേണ്ടത്ര കൃഷി അസിസ്റ്റന്റുമാരെ ലഭ്യമായില്ലെങ്കിൽ പകരം ആ തസ്തികയിലേക്കു കൂടി താൽക്കാലിക നിയമനം നടത്തേണ്ടിവരും.

## ചെറുധാന്യ ഉൽപ്പന്ന ബോധവത്കരണ യാത്ര; സെപ്തംബർ 18ന് ഫ്ളാഗ് ഓഫ് ചെയ്യും

**തിരുവനന്തപുരം:** അന്താരാഷ്ട്ര ചെറുധാന്യ വർഷത്തോടനുബന്ധിച്ച് കുടുംബശ്രീ മിഷൻ നയിക്കുന്ന സംസ്ഥാനതല ചെറുധാന്യ ഉൽപ്പന്ന,പ്രദർശന,വിപണന ബോധവത്കരണ ക്യാംപയിൻ സെപ്തംബർ 18ന് തിരുവനന്തപുരം ജില്ലാ കളക്ടർ ജെറോമിക് ജോർജ് അയ്യങ്കാളി ഹാളിൽ ഫ്ളാഗ്ഓഫ് ചെയ്യും.

കേരളത്തിലെ എല്ലാ ജില്ലകളിലും ചെറുധാന്യങ്ങളുടെ കൃഷിയും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നമത്ത് തീവനഗ എന്ന പേരിൽ ഒക്ടോബർ ആറുവരെയാണ് ക്യാംപയിൻ നടക്കുക.അട്ടപ്പാടിയിലെ പട്ടികവർഗ മേഖലയിലെ കാർഷിക സംരംഭകർക്ക് ചെറുധാന്യങ്ങൾക്ക് വിപണി കണ്ടെത്തുക, ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് ചെറുധാന്യകൃഷിയുടെ ഉപഭോഗം,പാചകരീതി എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ക്യാംപയിന്റെ ലക്ഷ്യങ്ങൾ.തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ രാവിലെ 10 മണി മുതൽ അഞ്ചുവരെ ക്യാംപയിന്റെ അനുബന്ധ പരിപാടികളും അരങ്ങേറും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അടക്കം പരിപാടിയിൽ പങ്കെടുക്കുമെന്ന് ജില്ലാ കോർഡിനേറ്റർ അറിയിച്ചു.അട്ടപ്പാടിയിൽ ഉൽപ്പാദിപ്പിക്കുന്ന ചെറുധാന്യങ്ങളുടെ പ്രദർശനം,വിത്തുകൾ,പോഷക ഗുണങ്ങൾ അടങ്ങിയ ചാർട്ട്,ചെറുധാന്യങ്ങളുടെ ഭക്ഷ്യമേള,വിപണനമേള,ബോധവത്കരണ ക്ലാസുകൾ എന്നിവയും ക്യാംപയിന്റെ ഭാഗമായി സംഘടിപ്പിക്കും. ചെറുധാന്യങ്ങളുടെ ഉൽപ്പാദനവും ഉപഭോഗവും വർധിപ്പിക്കാനും അവബോധം സൃഷ്ടിക്കാനും ലക്ഷ്യമിട്ട് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഐക്യരാഷ്ട്ര സഭ 2023നെ അന്താരാഷ്ട്ര ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നു.

## രോഗബാധ സ്ഥിരീകരിച്ച മേഖലയിലേക്ക് യാത്ര നിയന്ത്രിക്കണം

**പാലക്കാട്:** രോഗബാധ സ്ഥിരീകരിച്ച മേഖലകളിലേക്കും കണ്ടെയ്മെന്റ് സോണുകളിലേക്കുമുള്ള യാത്ര പൊതുജനങ്ങൾ പരമാവധി നിയന്ത്രിക്കണമെന്ന് ഡി.എം.ഒ. ഡോ. കെ.പി റീത്ത അറിയിച്ചു. ഈ മേഖലകളിലേക്ക് യാത്ര ചെയ്തിട്ടുള്ള രോഗലക്ഷണമുള്ളവർ ഡോക്ടറോട് യാത്രാവിവരം ആദ്യമേ നൽകണം. വീട്ടുമുറ്റത്തെ പഴങ്ങൾ കഴുകിയും തൊലി കളഞ്ഞും മാത്രം ഭക്ഷിക്കണം. നിലത്തുവീണതും പക്ഷിമൃഗാദികൾ കടിച്ചതുമായവ ഭക്ഷിക്കരുത്. ആരോഗ്യപ്രവർത്തകർ പനി, ശ്വാസതടസം തുടങ്ങിയ ലക്ഷണങ്ങളുള്ളവരുടെ വിവരങ്ങൾ പൂർണമായും ശേഖരിക്കും. എന്നാൽ എല്ലാ ലക്ഷണവും നിപ അല്ല എന്ന ബോധ്യത്തോടെയാവും ചികിത്സ നൽകുക. ആശുപത്രികളിൽ ഐസൊലേഷൻ സൗകര്യങ്ങൾ ഒരുക്കും. മഴക്കാലത്ത് ആരംഭിച്ച പനി ക്ലിനിക്കുകൾ തുടരും.

ആരോഗ്യപ്രവർത്തകർ രോഗം പകരാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തണം. രോഗികളുമായി ധാരാളം പേർ സമ്പർക്കമുണ്ടാകുന്ന സാഹചര്യം ഒഴിവാക്കണം.

# കോലഞ്ചേരി ബൈപാസ് : സർവേ നടപടികൾക്ക് തുടക്കം

**കൊച്ചി:** കോലഞ്ചേരി ബൈപാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സർവേ നടപടികൾ ആരംഭിച്ചു.ടൗണിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമായി ദേശീയപാതക്ക് സമാന്തരമായി വരുന്ന കോലഞ്ചേരി ബൈപാസിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ സർവേ നടപടികളാണ് ആരംഭിച്ചത്. പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് നടപടികൾ.സർവേ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് 1.5 ലക്ഷം രൂപ അനുവദിച്ചിരുന്നു.അലൈൻമെന്റ്, വളവുകൾ തുടങ്ങിയവ തീരുമാനിച്ച് ഏറ്റെടുക്കേ സ്ഥലം സംബന്ധിച്ച റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് കൈമാറും. ഏകദേശം 2.5. കിലോ മീറ്ററാണ് നിർദ്ദിഷ്ട ബൈപാസിന്റെ നീളം. ദേശീയപാതയിലെ കഴുനിലം വളവു മുതൽ തോന്നിക്ക വരെയുള്ള പാതക്ക് 23 മീറ്റർ വീതിയാണ് കണക്കാക്കുന്നത്.ദേശീയപാതയിലെ പത്താംമൈൽ മുതൽ കടമറ്റം നമ്പ്യാർപടി വരെയുള്ള ആറുകിലോമീറ്റർ സമാന്തര ബൈപ്പാസ് വേണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ കഴുനിലം മുതൽ തോന്നിക്ക വരെയുള്ള ഭാഗത്തെ സർവെ നടപടികളാണ് ആരംഭിച്ചത്. പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സജീലയുടെ നേതൃത്വത്തിലാണ് സർവേ നടപടികൾ പുരോഗമിക്കുന്നത്.

# പള്ളിക്കുന്ന് കുടിവെള്ള പദ്ധതി : നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം



**കൊച്ചി:**ചൂർണിക്കര ഗ്രാമപഞ്ചായത്തിലെ പള്ളിക്കുന്ന് പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള പള്ളിക്കുന്ന് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. റിസർവോയറും ഓവർ ഹൈഡ് ടാങ്കും പൈപ്പ് കണക്ഷനും ഉൾപ്പെടെ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കും. നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അൻവർ സാദത്ത് എം.എൽ.എ. നിർവഹിച്ചു.പഞ്ചായത്തിലെ മൂന്ന്, നാല് വാർഡുകൾ ഉൾപ്പെടുന്ന പള്ളിക്കുന്ന് പ്രദേശത്തെ ഉയർന്ന ഭാഗങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. 200 ഓളം കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ താൽക്കാലികമായി കുടിവെള്ളമെത്തിക്കാൻ സംവിധാനം ഏർപ്പെടുത്തിയെങ്കിലും എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ടു. അതിന്റെ അടിസ്ഥാനത്തിലാണ് പള്ളിക്കുന്ന് കുടിവെള്ള പദ്ധതി ആവിഷ്കരിച്ചത്. എം എൽ എ യുടെ ആസ്തി വികസന ഫിൽ നിന്നും 60 ലക്ഷം രൂപ വിനിയോഗിച്ചാണ് കുടിവെള്ള പദ്ധതി ആരംഭിക്കുന്നത്. ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബാബു പുത്തനങ്ങാടി അധ്യക്ഷത വഹിച്ചു. വിവിധ സ്റ്റാൻഡിങ് കമ്മറ്റി അധ്യക്ഷരായ ഷീല ജോസ്, മുഹമ്മദ് ഷഫീഖ്, റൂബി ജിജി, ബ്ലോക്ക് പഞ്ചായത്തംഗം സതീ ഗോപി, വാർഡ് അംഗങ്ങളായ ഷീല ജോസ്, രമണൻ ചേലാക്കുന്ന്, തായ്ക്കാട്ടുകര സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കെ കെ ജമാൽ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഡ്രൈവർ കം ഓഫീസ് അറ്റൻഡൻറ് ഒഴിവ്

**കൊച്ചി:** പുല്ലേപ്പടിയിലുള്ള സർക്കാർ ജില്ലാ ഹോമിയോ ആശുപത്രിയിലെ ഡ്രൈവർ കം ഓഫീസ് അറ്റൻഡൻറ് ഒഴിവിലേക്ക് ആശുപത്രി മാനേജ്മെൻറ് കമ്മിറ്റി മുഖേന കരാർ അടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് എസ്.എസ്.എൽസി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. അപേക്ഷകൾ സെപ്തംബർ 18 ന് വൈകുന്നേരം അഞ്ചിന് മുമ്പായി ആശുപത്രി സൂപ്രണ്ട്, സർക്കാർ ജില്ലാ ഹോമിയോ ആശുപത്രി പുല്ലേപ്പടി, കലൂർ പി.ഒ, എറണാകുളം 682017 വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കണം. ഫോൺ 04842401016.

# ചാംപ്യൻസ് ബോട്ട് ലീഗിന് മറൈൻ ഡ്രൈവിൽ ഇന്ന് തുടക്കം



**കൊച്ചി**: ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ചാംപ്യൻസ് ബോട്ട് ലീഗ് 2023 ന്റെ മൂന്നാം പതിപ്പിന് ഇന്ന്എറണാകുളം മറൈൻ ഡ്രൈവിൽ തുടക്കമാകും. കൊച്ചി കായലിൽ ആവേശത്തിര ഉയർത്തുന്ന ജലോത്സവത്തിന്റെ ഉദ്ഘാടനം ഉച്ചയ്ക്ക് ഒന്നിന് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കും. മന്ത്രി പി. രാജീവ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. മുൻവർഷ നെഹ്റു ട്രോഫി വള്ളംകളിയിൽ ആദ്യ ഒൻപത് സ്ഥാനങ്ങളിലെത്തിയ വള്ളങ്ങളാണ് സിബിഎല്ലിൽ മത്സരിക്കുന്നത്. 1 മുതൽ 9 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയ നടുഭാഗം ചുണ്ടൻ, സെന്റ് പയസ് ടെൻത് (10വേ), വീയപുരം ചുണ്ടൻ, മഹാദേവിക്കാട് കാട്ടിൽ തെക്കേതിൽ ചുണ്ടൻ, നിരണം ചുണ്ടൻ, ചമ്പക്കുളം ചുണ്ടൻ, പായിപ്പാടൻ ചുണ്ടൻ, കാരിച്ചാൽ ചുണ്ടൻ, ആയാപറമ്പ് പാണ്ടി തുടങ്ങിയവയാണ് സി.ബി.എല്ലിലെ മത്സരാർത്ഥികൾ. ഇന്ത്യൻ പ്രീമിയർ ലീഗ് മാതൃകയിലാണ് ചാംപ്യൻസ് ബോട്ട് ലീഗ് മത്സരം സംഘടിപ്പിച്ചിട്ടുള്ളത്. പതിറ്റാണ്ടിന്റെ പാരമ്പര്യമുള്ള പ്രാദേശിക വള്ളംകളി മത്സരവും സി.ബി.എല്ലിനൊപ്പം നടത്തും. ഇരുട്ടുകുത്തി എ, ബി ഗ്രേഡ് വിഭാഗത്തിൽ 16 വള്ളങ്ങൾ പ്രാദേശിക വള്ളംകളി മത്സരത്തിൽ മാറ്റുരയ്ക്കുന്നു. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിലാണ് ചുണ്ടൻ വള്ളങ്ങളുടെ കളിക്കാർക്കുള്ള ചെലവ് വഹിക്കുന്നത്. പ്രാദേശിക വള്ളംകളി സംഘാടക സമിതിയുടെ നേതൃത്വത്തിൽ സ്പോൺസർഷിപ്പ് വഴിയാണ് ചെലവ് കണ്ടെത്തുന്നത്. വള്ളംകളിയോടനുബന്ധിച്ച് ഫ്ളാഷ് മോബും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കും. നേവിയുടെ ബാൻഡും അഭ്യാസ പ്രകടനങ്ങളും നടക്കും. ജനപ്രതിനിധികൾ ഉൾപ്പടെ വിവിധ മേഖലകളിലെ നിരവധി പ്രമുഖർ ആരവത്തിൽ അണിചേരാനെത്തുമെന്ന് സംഘാടക സമിതി ചെയർമാൻ ടി.ജെ. വിനോദ് എം.എൽ.എ അറിയിച്ചു. ഹോട്ടലുകളിൽ താമസിക്കുന്ന വിദേശ സഞ്ചാരികൾക്ക് മത്സരം കാണുന്നതിന് സൗകര്യമൊരുക്കുമെന്ന് എംഎൽഎ പറഞ്ഞു. വള്ളംകളിക്ക് മുന്നോടിയായി കായലിന്റെ ആഴംകൂട്ടുന്നതിനുള്ള ഡ്രെഡ്ജിംഗ് ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 12 കോടി രൂപ ചെലവഴിച്ചാണ് സിബിഎൽ സംഘിപ്പിക്കുന്നതെന്ന് സാങ്കേതിക സമിതി അംഗം ആർ. കെ. കുറുപ്പ് പറഞ്ഞു. ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്ന കേരളത്തിന്റെ സ്വന്തം വള്ളംകളി ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണ്. സർക്കാർ ഏറ്റവും വലിയ സമ്മാന തുക നൽകി സംഘടിപ്പിക്കുന്ന രാജ്യത്തെ തന്നെ ഏക മത്സരമാണിത്. അഞ്ച് കോടി 95 ലക്ഷം രൂപയാണ് സമ്മാനത്തിനായി ചെലവഴിക്കുന്നത്. വരും വർഷങ്ങളിലും കൂടുതൽ മികച്ച രീതിയിൽ മത്സരം സംഘടിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു. കാണികൾക്കുള്ള പവലിയനുകളുടെ നിർമ്മാണം ഉൾപ്പടെയുള്ള ഒരുക്കങ്ങൾ പൂർത്തിയായി. അഗ്നിരക്ഷാസേന, പൊലീസ്, ആരോഗ്യം തുടങ്ങി വിവിധ വകുപ്പുകൾക്കും സന്നദ്ധ സംഘടനകൾക്കുമാണ് സുരക്ഷ, അടിയന്തര ഘട്ടങ്ങളിലെ വൈദ്യസഹായം എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ ചുമതല.പൊതുസമ്മേളനത്തിന് ശേഷം ഉച്ചക്ക് രണ്ടിന് മാസ് ഡ്രില്ലിന്റെ അകമ്പടിയോടെയാണ് വള്ളംകളി മത്സരങ്ങൾ ആരംഭിക്കുക. പ്രാദേശിക വള്ളംകളിയും,സി.ബി.എൽ മത്സരങ്ങളും ഇടകലർത്തി കലാ സംസ്കാരിക പരിപാടികളുടെ അകമ്പടിയോടെ നടത്തും. സി.ബി.എല്ലിന്റെ ഭാഗമായ ചുണ്ടൻ വള്ളങ്ങളുടെ ഹീറ്റ്സ് മത്സരം ഉച്ചക്ക് 2.00 നാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രാദേശിക വള്ളംകളിയുടെ ഹീറ്റ്സും നടത്തും. തുടർന്ന് കലാപരിപാടികൾക്ക് ശേഷം പ്രാദേശിക വള്ളങ്ങളുടെ ഫൈനൽ മത്സരവും, ചുണ്ടൻ വള്ളങ്ങളുടെ ഫൈനൽ മത്സരവും എന്ന രീതിയിലാണ് ക്രമീകരണം. വൈകിട്ട് നടക്കുന്ന സമ്മാന ദാനത്തോടെയാണ് വള്ളംകളി അവസാനിക്കുക. പ്രാദേശിക വള്ളംകളി മത്സരത്തിന് കെടിഎം, സിഎംആർഎൽ, യൂണിയൻ ബാങ്ക്, കെഎംആർഎൽ, ഇന്ത്യ ടൂറിസം, സിയാൽ, ക്രൗൺ പ്ലാസ, കൊച്ചിൻ ഷിപ്പ് യാർഡ്, ബിപിസിഎൽ തുടങ്ങിയവർ സ്പോൺസർ ചെയ്യുന്നു. ചുണ്ടൻ വള്ളങ്ങളുടെ ആദ്യ മത്സരം ആലപ്പുഴയിൽ നടന്നു. രണ്ടാം മത്സരമാണ് എറണാകുളത്ത് നടക്കുന്നത്. കോട്ടപ്പുറം, പിറവം,കോട്ടയം, കൈനകരി, പുളിങ്കുന്ന്, കായംകുളം, കല്ലട, പാണ്ടനാട്, കൊല്ലം എന്നിങ്ങനെയാണ് സിബിഎൽ മത്സരങ്ങൾ നടക്കുക. കൊല്ലത്ത് ഡിസംബർ 9ന് പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടെ സിബിഎൽ സമാപിക്കും.

# കൃഷി അനുഭവത്തിലൂടെ അറിവ് ; വിദ്യാഭ്യാസ ടൂറിസം പദ്ധതി വിജയകരമായി മുന്നോട്ട്



**കൊച്ചി:** ഫാം ടൂറിസത്തിന്റെ നൂതന പതിപ്പ് എന്ന നിലയിൽ ജില്ലാ പഞ്ചായത്തിന് കീഴിൽ വരുന്ന ഒക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിൽ ആരംഭിച്ച 'വിദ്യാഭ്യാസ ടൂറിസം പദ്ധതി' വിജയകരമായി മുന്നോട്ടുപോവുകയാണ്. സ്കൂളുകളും കോളേജുകളും ഉൾപ്പെടെ 15 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിവിധ സംഘങ്ങളായി 700 വിദ്യാർത്ഥികളാണ് ഇതുവരെ ഫാമിൽ എത്തിയത്. അതിന് പുറമെ വിവിധ ജില്ലകളിൽ നിന്നുള്ള കർഷക ഗ്രൂപ്പുകളും ഫാം തൊഴിലാളി സംഘങ്ങളും ഇവിടെ നിന്ന് കൃഷി അറിവുകൾ സ്വായക്തമാക്കി. വെറുമൊരു ഫാം ടൂർ എന്നതിനപ്പുറം ഇവിടുത്തെ കാർഷിക പ്രവർത്തനത്തിൽ പങ്കുചേരാൻ കഴിയും എന്നതാണ് വലിയ പ്രത്യേകത. അനുഭവത്തിലൂടെ അറിവ് പകരുക എന്നതാണ് വിദ്യാഭ്യാസ ടൂറിസത്തിലൂടെ ഉദ്ദേശിക്കുന്നത്. ഗ്രാഫ്റ്റിംഗ്, ബഡ്ഡിംഗ്, വിവിധ വിളകളുടെ നടീലും പരിപാലനവും വിളവെടുപ്പും ഉൾപ്പെടെയുള്ള കാർഷികവൃത്തികളിൽ ഏർപ്പെടാൻ ഇവിടെ അവസരമുണ്ട്.കൃഷിയും പ്രകൃതി സംരംക്ഷണവും പുതിയ തലമുറയ്ക്ക് ആസ്വാദ്യകരമായി പരിചയപ്പെടുന്നതിനും അതുവഴി കാർഷിക സംസ്കാരത്തിലേക്ക് അവരെ ആകർഷിക്കുന്നതിനുമായയാണ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ പ്രായോഗിക അറിവുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള പദ്ധതിയും നിലവിൽ പരിഗണനയിലാണ്. വിദ്യാർത്ഥികൾക്കാണ് പ്രധാന്യം നൽകുന്നതെങ്കിലും എല്ലാ പ്രായത്തിലുള്ളവർക്കും ഒറ്റയ്ക്കും കുടുംബമായും ഫാമിലെത്തി ദിവസം മുഴുവൻ ചെലവഴിക്കാം. ഇവിടുത്തെ കൃഷിയും കൃഷി രീതികളും, പ്രകൃതിയെയും പ്രകൃതി സംരക്ഷണത്തെയും അടുത്തറിയാനുള്ള അവസരമാണ് വിദ്യാഭ്യാസ ടൂറിസം പദ്ധതി വഴി ലഭിക്കുന്നത്.ഉദ്യാന സമാനമായാണ് ഫാം ക്രമീകരിച്ചിരിക്കുന്നത്. ഇവിടുത്തെ നെൽപ്പാടങ്ങളും നടവഴികളുമെല്ലാം അറിവുകൾക്കൊപ്പം മനോഹര കാഴ്ചയാണ് സമ്മാനിക്കുക. നെൽകൃഷിയാണ് ഇവിടെ പ്രധാനമായും ഉള്ളത്. മത്സ്യം, പച്ചക്കറി, തേനീച്ച, താറാവ്, ആട്, തുടങ്ങിയവയെയും സംയോജിത മാതൃകയിലും കൃഷിചെയ്യുന്നു.ഒക്കലിൽ എം.സി റോഡിനോട് ചേർന്ന് 32 ഏക്കർ സ്ഥലത്താണ് വിത്തുത്പാദന കേന്ദ്രം സ്ഥിതി ചെയ്യുന്നത്. അത്യുല്പാദന ശേഷിയുള്ള വിവിധതരം തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികളും ഫാമിന്റെ ഭാഗമാണ്. ഫാം കണ്ട് ആസ്വദിക്കുന്നതിനോടൊപ്പം ഇവിടെനിന്ന് വിവിധതരം തൈകൾ വാങ്ങുകയും ചെയ്യാം.

## ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരം: കൊച്ചി വാട്ടർ മെട്രോ സർവ്വീസ് സമയത്തിൽ മാറ്റം

### ഹൈക്കോർട്ട് വൈപ്പിൻ റൂട്ടിൽ 2 മുതൽ 6 വരെ സർവ്വീസ് ഇല്ല



**കൊച്ചി:** നാടും നഗരവും വള്ളംകളിയുടെ ആവേശത്തിൽ മുഴുകമ്പോൾ എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന മൂന്നാമത് ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമാവുകയാണ് കൊച്ചി വാട്ടർ മെട്രോയും. പൊതുസമ്മേളനത്തിന് ശേഷം ഉച്ചക്ക് രണ്ടിന് മാസ് ഡ്രില്ലിന്റെ അകമ്പടിയോടെയാണ് വള്ളംകളി മത്സരങ്ങൾ ആരംഭിക്കുക.വള്ളം കളി മത്സരങ്ങൾ നടക്കുന്നതിനാൽ ഇന്ന് കൊച്ചി വാട്ടർ മെട്രോയുടെ ഹൈക്കോർട്ട് വൈപ്പിൻ റൂട്ടിലെ സർവ്വീസുകൾ പരിമതിപ്പെടുത്തിയിട്ടുണ്ട്. ഉച്ചക്ക് ര് മണി മുതൽ വൈകിട്ട് 6 മണി വരെ ഈ റൂട്ടിൽ കൊച്ചി വാട്ടർ മെട്രോ സർവ്വീസ് ഉായിരിക്കുന്നതല്ല. മറ്റ് റൂട്ടിലെ സർവ്വീസുകൾ മാറ്റമില്ലാതെ തുടരുമെന്ന് കൊച്ചി വാട്ടർ മെട്രോ സർവ്വീസ് അധികൃതർ അറിയിച്ചു.

## കുഞ്ഞുങ്ങൾക്കായി ഐടിസി യോഗ ബാറിന്റെ യോഗ ബേബി




**കൊച്ചി:** രാജ്യത്തെ മുൻനിര ഹെൽത്ത് ഫുഡ് ബ്രാൻഡുകളിലൊന്നായ ഐടിസി യോഗാ ബാർ കുഞ്ഞുങ്ങൾക്കായി യോഗ ബേബി ബ്രാൻഡിൽ ചെറുധാന്യങ്ങളുടെ കുറുക്കു കൂട്ടുകൾ വിപണിയിലിറക്കി. സ്പ്രൗട്ടഡ് റാഗി ആൻഡ് മാംഗോ, സ്പ്രൗട്ടഡ് റാഗി സ്ട്രോബെറി, സ്പ്രൗട്ടഡ് റാഗി, സാഫ്രോൺ ആൻഡ് ഓട്സ്, ഓട്സ്, ഡേറ്റ്സ് ആൻഡ് മില്ലറ്റ്സ് എന്നിങ്ങനെ അഞ്ച് വ്യത്യസ്ത രുചികളിലാണ് യോഗ ബേബി കുറുക്കുകൂട്ടുകൾ എത്തിയിരിക്കുന്നത്. മുത്തശ്ശിമാരിലൂടെയും അമ്മമാരിലൂടെ പരമ്പരാഗതമായി പകർന്നു കിട്ടിയ പാചകക്കുറിപ്പുകളിൽ നിന്ന് പ്രചോദനമുൾക്കൊ് തയ്യാറാക്കിയതാണ് യോഗ ബേബി ഉൽപ്പന്നങ്ങളെന്ന് സഹസ്ഥാപകയും യോഗ ബാർ സിഇഒയുമായ സുഹാസിനി സമ്പത്ത് പറഞ്ഞു. ശ്രദ്ധയോടെ തെരഞ്ഞെടുത്തതും ഉയർന്ന പോഷകമൂല്യങ്ങളുള്ളതുമായ ചേരുവകളാണ് യോഗ ബേബി കുറുക്കുകൂട്ടുകളുടെനിർമാണത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് സഹസ്ഥാപക അനിന്ദിത സമ്പത്ത പറഞ്ഞു. യോഗ ബാറിന്റെ www.yogabars.in എന്ന സൈറ്റിലൂടെയും മറ്റ് പ്രമുഖ ഇകോമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയും യോഗ ബേബി ഉൽപ്പന്നങ്ങൾ വാങ്ങാം. വൈകാതെ റീടെയിൽ ഔട്ലെറ്റുകളിലും വിൽപ്പനയ്ക്കെത്തും.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്ററിലേക്ക് ആവശ്യമായ സ്റ്റെൻലെസ് സ്റ്റീൽ ഡ്രം (ലാർജ് ) അഞ്ചെണ്ണം വിതരണം ചെയ്യുന്നതിന് സമാന മേഖലയിൽ പരിചയ സമ്പന്നരായ വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സ്വന്തം ലെറ്റർ ഹെഡുകളിൽ തയ്യാറാക്കി "Quotation for Stainless Steel Drum Large" എന്ന് രേഖപ്പെടുത്തി സൂപ്രണ്ട്, ജനറൽ ആശുപത്രി എറണാകുളം എന്ന വിലാസത്തിൽ സെപ്റ്റംബർ 25ന് രാവിലെ 11.30 ന് മുമ്പായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

# നഗരവാസികളിൽ ജീവിതശൈലി ആരോഗ്യ പ്രശ്നങ്ങൾ വർധിച്ചതായി സർവേ



**കൊച്ചി:** മിക്ക ഇന്ത്യൻ നഗരങ്ങളിലും പൊണ്ണത്തടി, പ്രമേഹം, ഹൃദ്രോഗങ്ങൾ തുടങ്ങിയ ജീവിതശൈലിയുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ വർധിച്ചതായി സർവേ പഠനം. ആരോഗ്യത്തെ കുറിച്ചുള്ള ഉൽകണ്ഠ ഇന്ത്യയിൽ വർധിക്കുന്നുവെന്നും ആൽമ് ബോർഡ് ഓഫ് കാലിഫോർണിയ നടത്തിയ യൂഗവ് സർവേയിൽ വ്യക്താക്കുന്നു. കായിക പ്രവർത്തനങ്ങൾ കുറയുക, അനാരോഗ്യകരമായ ഭക്ഷണക്രമം, വർധിച്ച സമ്മർദം, വേത്ര ഉറക്കമില്ലായ്മ എന്നിങ്ങനെ ജീവിതശൈലികളിൽ വന്നിട്ടുള്ള മാറ്റങ്ങൾ മൂലമാണ് ഈ പ്രശ്നങ്ങളിൽ വലിയ ഭാഗവും ഉാകുന്നത്. ഇത്തരം മാറ്റങ്ങൾ പൊണ്ണത്തടി, പ്രമേഹം, ഹൃദയ സംബന്ധമായ രോഗങ്ങൾ, അതിരക്തസമ്മർദം, ചില തരത്തിലുള്ള അർബുദങ്ങൾ എന്നിങ്ങനെയുള്ള മാറാരോഗങ്ങൾ വർധിക്കുവാനും കാരണമായിട്ടുന്നെും സർവേ പറയുന്നു. പിസിഒഎസ്, ടൈപ്പ്2 പ്രമേഹം, അതിരക്തസമ്മർദം എന്നിങ്ങനെ അസുഖങ്ങളുള്ള ആളുകൾക്ക് ആരോഗ്യകരമായ ഭക്ഷണക്രമത്തിന്റെ ഭാഗമായി ബദാമുകൾ കഴിക്കുമ്പോൾ വലിയ ഗുണം ലഭിക്കുന്നുവെന്നും സർവേ കത്തെി. സമീകൃതമായ ആഹാരം കഴിക്കുക, വ്യായാമം ചെയ്യുക, ബദാം പോലുള്ള ആരോഗ്യകരമായ ലഘുഭക്ഷണങ്ങൾ കഴിക്കുക എന്നിവ ഇത്തരം രോഗങ്ങളോട് പോരാടുവാനുള്ള നിർണായക തന്ത്രമായി ഈ വിഭാഗം കാണുന്നു. ശക്തമായ പോഷകഗുണങ്ങൾ മൂലം ആരോഗ്യകരമായ ലഘുഭക്ഷണമായി ഏറ്റവും കൂടുതൽ പേർ പരിഗണിക്കുന്നത് ബദാമുകളെയാണെന്നും സർവേയിൽ പറയുന്നു.ബദാമുകളുടെ പോഷക പ്രാധാന്യം കണക്കിലെടുക്കുമ്പോൾ, ഇന്ത്യക്കാരുടെ ഏറ്റവും പ്രിയപ്പെട്ട ആരോഗ്യകരമായ ലഘുഭക്ഷണങ്ങളിലൊന്നായി അത് സർവേയിൽ തിരഞ്ഞെടുക്കപ്പെട്ടുവെന്നതിൽ അത്ഭുതമില്ലെന്ന് ന്യൂട്രീഷൻ ആന്റ് വെൽനസ്സ് കൺസൾട്ടന്റായ ഷീലാ കൃഷ്ണസ്വാമി പറഞ്ഞു. പതിവായി ബദാമുകൾ കഴിക്കുന്നത് ഹൃദ്രോഗങ്ങൾ വരാനുള്ള അപകടസാധ്യത കുറയ്ക്കുമെന്ന് ഡൽഹിയിലെ മാക്സ് ഹെൽത്ത് കെയർ ഡയറ്ററ്റിക്സ് റീജിയണൽ ഹെഡ് റിതിക സമദാർ പറഞ്ഞു രക്തത്തിലെ പഞ്ചസാരയുടെ നിയന്ത്രണം മെച്ചപ്പെടുത്തുക, ശരീരഭാരം പരിപാലിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നിങ്ങനെയുള്ള വിവിധ ആരോഗ്യ ഗുണങ്ങൾ ബദാം നൽകുന്നുന്നെും അവർ അഭിപ്രായപ്പെട്ടു. കൊച്ചി, ചെന്നൈ, ഡൽഹി, ലക്നോ, കൊൽക്കത്ത, മുംബൈ, അഹമ്മദാബാദ്, പൂനെ, ബാംഗ്ലൂർ, കോയമ്പത്തൂർ, ഹൈദരാബാദ് എന്നിങ്ങനെയുള്ള നഗരങ്ങളിൽ നിന്നായുള്ള 4,000ൽപരം ആളുകൾക്കിടയിലാണ് സർവേ സംഘടിപ്പിച്ചത്.

# ഹോണ്ട 2023 സിബി200എക്സ് പുറത്തിറക്കി



**കൊച്ചി:** ഹോ മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ 2023 സിബി200എക്സ് പുറത്തിറക്കി. ഹോ സിബി500എക്സിൽ നിന്ന് പ്രചോദനം ഉൾക്കൊാണ് പുതിയ സിബി200എക്സിന്റെ രൂപകൽപനയെന്ന് ഹോ മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു.184.40 സിസി, 4 സ്ട്രോക്ക്, സിംഗിൾ സിലിർ ബിഎസ്5 ഒബിഡി2 പിജിഎംഎഫ്ഐ എഞ്ചിൻ 8500 ആർപിഎമിൽ 12.70 കി.വാട്ട് പവറും, 6000 ആർപിഎമിൽ 15.9 എൻഎം ടോർക്കും പുറപ്പെടുവിക്കും. വാഹനത്തിന് എന്തെങ്കിലും തകരാർ കത്തെിയാൽ പോലും ഇൻസ്ട്രുമെന്റ് പാനലിൽ ഒരു മുന്നറിയിപ്പ് ലൈറ്റ് പ്രകാശിപ്പിക്കുന്ന സെൻസർ സംവിധാനത്തിന് പുറമെ, റൈഡറുടെ സുരക്ഷ വർധിപ്പിച്ചുകൊണ്ട്, സിംഗിൾചാനൽ എബിഎസ് സഹിതം ഡ്യുവൽ പെറ്റൽ ഡിസ്ക് ബ്രേക്കുകളും പുതിയ അസിസ്റ്റ് ആൻഡ് സ്ലിപ്പർ ക്ലച്ചും സിബി200എക്സിൽ സജ്ജീകരിച്ചിരിച്ചിട്ടു്.ഡീസെന്റ് ബ്ലൂ മെറ്റാലിക് (ന്യൂ), പേൾ നൈറ്റ്സ്റ്റാർ ബ്ലാക്ക്, സ്പോർട്സ് റെഡ് എന്നീ മൂന്ന് സ്റ്റൈലിഷ് നിറങ്ങളിൽ 2023 സിബി200എക്സ് ലഭ്യമാവും. സിബി200എക്സ്ഒബിഡി2 വേരിയന്റിന് 1,46,999 രൂപയാണ് ഡൽഹി എക്സ്ഷോറും വില. മോട്ടോർസൈക്കിളിന് 10 വർഷത്തെ പ്രത്യേക വാറന്റി പാക്കേജും എച്ച്എസ്എംഐ വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾക്ക് ഇപ്പോൾ മുതൽ അടുത്തുള്ള റെഡ് വിങ് ഡീലർഷിപ്പുകളിൽ വാഹനം ബുക്ക് ചെയ്യാം.2023 സിബി200എക്സ് അവതരിപ്പിക്കുന്നതൊരു സുപ്രധാന നാഴികക്കല്ലാണെന്നും സുത്സുമു ഒട്ടാനി പറഞ്ഞു.

# 'ദിശ' കുട്ടികൾക്കായുള്ള വർക്ക്ഷോപ്പ് ഇന്നും നാളെയും

**കൊച്ചി:** 'ഡയലോഗ് ഓൺ ക്രിയേറ്റിവിറ്റി' എന്ന ശീർഷകത്തിൽ വിദ്യാർത്ഥികൾക്കായി വർക്ക്ഷോപ്പ് ഇന്നും നാളെയുമായി എറണാകുളം ദർബാർഹാൾ കലാകേന്ദ്രത്തിൽ നടക്കും. വിവിധ സ്കൂളുകളിൽ നിന്നും മുപ്പതോളം വിദ്യാർത്ഥികളാണ് വർക്ക്ഷോപ്പിൽ പങ്കെടുക്കുക.വർക്ക്ഷോപ്പിന്റെ ആദ്യദിനത്തിൽ പ്രശസ്ത കലാകാരിയും നിരൂപകയുമായ രാധാഗോമതി കുട്ടികളുമായി പങ്കുവെയ്ക്കുന്നു.രണ്ടാം ദിനമായ 17ന് രാവിലെ 10 മണി മുതൽ 1 വരെ 'ബഹുമുഖ ബുദ്ധികളും, സർഗ്ഗാത്മകതയും ജീവിത സന്തുഷ്ടിയും' എന്ന വിഷയത്തിൽ നടനും കഥപറച്ചിലുകാരനും പരിശീലകനുമായ മനുജോസ് കുട്ടികളുമായി മുഖാമുഖം സംസാരിക്കുന്നു. ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ ഒറിഗാമിയിലെ തന്റെ പരീക്ഷണങ്ങൾ കലാകാരനായ ആന്റോ ജോർജ്ജ് കുട്ടികളുമായി പങ്കുവെയ്ക്കും.ഇന്ന് വൈകുന്നേരം 5.30ന് പ്രശസ്ത കലാനിരൂപകനും ക്യൂറേറ്ററുമായ സുരേഷ് ജയറാം 'ഇന്ത്യൻ സമകാലിക ചുവർചിത്രങ്ങൾബാംഗ്ലൂരിൽ നിന്നുള്ള ഒരു സാമൂഹിക വീക്ഷണം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും.നാളെ വൈകുന്നേരം 5.30ന് പ്രശസ്ത കലാചരിത്രാദ്ധ്യാപകനും നിരൂപകനുമായ ചന്ദ്രൻ ടി.വി. 'കലയും സമ്പദ് വ്യവസ്ഥയും' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കും.വിഖ്യാത ചിത്രകാരനായ ബിനോദ്ബിഹാരി മുഖർജിയുടെ അപൂർവ്വ ഹാന്റ് സ്ക്രോളുകളുടെ പ്രദർശനം ദർബാർ ഹാൾ കലാകേന്ദ്രത്തിൽ നടക്കുന്ന വേളയിൽ തന്നെ ഈ പരിപാടികൾ സംഘടിപ്പിക്കുന്നുവെന്നത് ഒരു പ്രത്യേകതയാണ്.

# ഹോണ്ട കാർസ് നവീകരിച്ച ഹോണ്ട കണക്ട് ആപ്പ് അവതരിപ്പിച്ചു

**ന്യൂഡൽഹി:** പ്രീമിയം കാറുകളുടെ മുൻനിര നിർമ്മാതാക്കളായ ഹോ കാർസ് ഇന്ത്യ ലിമിറ്റഡ് കൂടുതൽ ഫീച്ചറുകൾ ഉൾപ്പെടുത്തി നവീകരിച്ച ഹോ കണക്ട് ആപ്പ് അവതരിപ്പിച്ചു. സ്ക്രീനിൽ കുറുക്കുവഴി വിഡ്ജെറ്റുള്ള കസ്റ്റമൈസ് ചെയ്ത ഡൈനാമിക് ഡാഷ്ബോർഡ്, ഡിജിറ്റലൈസ് ചെയ്ത പിക്ക്അപ്പ് & ഡ്രോപ്പ് സേവനം, എച്ച്പിസിഎൽ നെറ്റ്‌വർക്ക് വഴിയുള്ള ഇന്ധന പേയ്ക്ക് അധിക റിവാർഡ് പോയിന്റുകൾ, കാർ വാങ്ങുകയും വിൽക്കുകയും ചെയ്യുക, ആക്സസറികളുടെ സംയോജനം  ടിപിഎംഎസ് (ടയർ പ്രഷർ മോണിറ്ററിംഗ് സിസ്റ്റം) ആന്റ് ഡിവിആർ(ഡ്രൈവ് വ്യൂ റെക്കോർഡർ) ഉൾപ്പെടെ നിരവധി പുതിയ ഫീച്ചറുകളാണ് ഹോ കണക്റ്റ് ആപ്ലിക്കേഷനിൽ പുതുതായി കൂട്ടിച്ചേർത്തിട്ടുമുള്ളത്. ഹോ  കണക്ട് ഇപ്പോൾ വളരെ ഉപയോഗപ്രദമായ 37 ഫീച്ചറുകൾ വാഗ്ദാനം ചെയ്യുന്നു, 5 വർഷത്തെ സബ്സ്ക്രിപ്ഷൻ പാക്കേജ് സൗജന്യവുമാണെന്ന് ഹോ കാർസ് ഇന്ത്യ മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡയറക്ടർ യുയിച്ചി മുറാത പറഞ്ഞു, ഹോ കാർസ് ഈ അസാധാരണമായ വാഹനങ്ങൾ വിതരണം ചെയ്യാൻ മാത്രമല്ല, ഏറ്റവും മികച്ച ഉടമസ്ഥാവകാശ അനുഭവം ഉറപ്പാക്കാനും പ്രതിജ്ഞാബദ്ധരാണ്. ഞങ്ങളുടെ ഉപഭോക്താക്കൾ, ഹോ കണക്റ്റിലെ മെച്ചപ്പെടുത്തിയ സവിശേഷതകൾ ഉപഭോക്തൃ സംതൃപ്തി, സൗകര്യം, സുരക്ഷ എന്നിവയ്ക്കുള്ള ഞങ്ങളുടെ സമർപ്പണത്തെ വീും ഉറപ്പിക്കുന്നു. ഈ മെച്ചപ്പെടുത്തലുകൾ ഞങ്ങളുടെ ഉപഭോക്താക്കളെ ശാക്തീകരിക്കുകയും അവർക്ക് കൂടുതൽ നിയന്ത്രണവും കണക്റ്റിവിറ്റിയും നൽ



കുകയും അങ്ങനെ അവരുടെ ഉടമസ്ഥാവകാശ യാത്ര സുഗമവും ആസ്വാദ്യകരവുമാക്കുകയും ചെയ്യുമെന്ന് ഞങ്ങൾക്ക് ഉറപ്പുന്നെും അദ്ദേഹം പറഞ്ഞു.മെച്ചപ്പെടുത്തിയ ഹോ കണക്ട് ഫീച്ചറുകൾ മോഡലുകളിലുടനീളം ലഭ്യമാകും, ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ കണക്റ്റിവിറ്റി ലെവൽ തിരഞ്ഞെടുക്കാനുള്ള സൗകര്യം നൽകുന്നു. സ്മാർട്ട് വാച്ച് ഉപകരണങ്ങൾ (ആപ്പിൾ വാച്ച് ഒഎസ് 4 മുകളിലുള്ളതും ആൻഡ്രോയിഡ് വെയർ ഒഎസ് 2.0ഉം അതിനുമുകളിലുള്ളതും) അലക്സാ റിമോട്ട് ശേഷി എന്നിവയ്ക്കൊപ്പം ഹോ കണക്ട് പ്രവർത്തിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# ക്രോംപ്ടൺ  പുതിയ മിക്സർ ഗ്രൈൻഡർ ശ്രേണി വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി :** ഡ്യൂറോഎലൈറ്റ് പ്ലസ്, ഡ്യുറോറോയൽ, ബോൾട്ട്മിക്സ് പ്രോ, ബോൾട്ട്മിക്സ് കൂൾ എന്നീ മിക്സർ ഗ്രൈൻഡറുകളുടെ പുതിയ പരമ്പര അവതരിപ്പിച്ച് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ്. തുടർച്ചയായി ദീർഘ നേരം ഉപയോഗിക്കാവുന്ന, കൂടുതൽ കാലം നീണ്ടു നിൽക്കുന്ന തരത്തിൽ രൂപകൽപ്പന ചെയ്തവയാണ് ഡ്യൂറോറോയൽ, ബോൾട്ട്മിക്സ് ശ്രേണികൾ. ഇൻസുലേഷനും വൈപ്പറും ഉള്ള പ്രത്യേക ഉപയോഗം ഉള്ള ചട്ട്ണി ജാർ ഇതിനൊടൊപ്പമുണ്ടെന്നതാണ് മറ്റൊരു പ്രത്യേകത. മാക്സി ഗ്രൈൻഡ് ടെക്നോളജി, മോട്ടോർ വെന്റ് എക്സ് സാങ്കേതികവിദ്യ, സ്റ്റെയിൻലെസ് സ്റ്റീൽ ജാറുകൾ, പവർഡ്രോൺ മോട്ടോർ എന്നിവയും ഉണ്ട്.  മോട്ടോറിന് 5 വർഷത്തെ വാറന്റിയും ഉൽപ്പന്നത്തിന് 2 വർഷത്തെ വാറന്റിയും ഉണ്ട്. ക്രോംപ്ടൺ അതിന്റെ സാങ്കേതിക വൈദഗ്ധ്യം ആധുനിക അടുക്കളയിലേക്ക് എത്തിച്ചുകൊണ്ട് പാചക കലയിൽ വിപ്ലവം സൃഷ്ടിക്കുകയാണെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് സ്മാൾ ഡൊമസ്റ്റിക് അപ്ലൈയൻസസ് മേധാവി



കേതൻ ചൗധരി പറഞ്ഞു. ശ്രേണിയുടെ വില 35007100 രൂപയ്ക്കിടയിലായിരിക്കും. സൂപ്പർമാർക്കറ്റുകളിലും ഇകൊമേഴ്സിലും ഇത് ലഭ്യമാണ്.

# എമിറേറ്റ്സ് ഫസ്റ്റ് എംഡി ജമാദ് ഉസ്മാന് എക്സലൻസ് പുരസ്ക്കാരം

**കൊച്ചി:** യു കെ ബിസിനസ് അനാലിസിസിന്റെ ഭാഗമായി യു കെ സർക്കാർ എമിറേറ്റ്സ് ഫസ്റ്റ് എംഡി ജമാദ് ഉസ്മാന് എക്സലൻസ് അവാർഡ് നൽകി ആദരിച്ചു. യു എ ഇയിൽ നിന്നും ലണ്ടനിലേക്ക് പ്രതിവർഷം അഞ്ച് മില്യൻ പൗണ്ടിന്റെ വരുമാനമുണ്ടാക്കുമെന്നും ഇരുന്നൂറ് കമ്പനികളെ എത്തിക്കുമെന്നുമുള്ള എമിറേറ്റ്സ് ഫസ്റ്റിന്റെ ലക്ഷ്യങ്ങളെ യു കെ സർക്കാർ അംഗീകരിക്കുകയായിരുന്നു. യു എ ഇയിൽ ഏഴു വർഷത്തെ സർവീസ് പാരമ്പര്യമുള്ള എമിറേറ്റ്സ് ഫസ്റ്റ് അഞ്ച് വർഷമായി യു കെയിലും പ്രവർത്തിക്കുന്നുണ്ട്.യു കെ പാർലമെന്റിലെ ലോഡ്സ് ഹൗസിൽ നടന്ന പുരസ്ക്കാര ചടങ്ങിൽ വീരേന്ദ്ര ശർമ എം പി ജമാദ് ഉസ്മാന് പുരസ്ക്കാരം നൽകി. എം പിമാരായ ക്രിസ് ഫിലിപ്, മാർക്ക് പൗസി, സാറാ അതേർട്ടൺ, മാർട്ടിൻ ഡേ എന്നിവർ പുരസ്ക്കാരദാന ചടങ്ങിൽ പങ്കെടുത്തു. എമിറേ



റ്റ്സ് ഫസ്റ്റ് ഇതുവരെ നാലായിരത്തി അഞ്ഞൂറോളം കമ്പനികളാണ് യു എ ഇയിൽ ആരംഭിച്ചത്. ലണ്ടനിൽ രണ്ട് മില്യൻ പൗണ്ടിന്റെ പദ്ധതിയാണ് യു കെയിൽ 2024ൽ എമിറേറ്റ്സ് ഫസ്റ്റ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

# പുതിയ റേഞ്ച് റോവർ 'വേലർ' അവതരിപ്പിച്ച് ജെഎൽആർ

**കൊച്ചി:** റേഞ്ച് റോവർ വേലറിന്റെ പുതിയ പതിപ്പ് അവതരിപ്പിച്ച് ജെഎൽആർ ഇന്ത്യ. ഏറ്റവും പുതിയ സാങ്കേതിക മുന്നേറ്റത്തോടുകൂടി രൂപകൽപ്പന ചെയ്തിരിക്കുന്ന ആഡംബരകാറിന്റെ പ്രാരംഭ വില 94.3 ലക്ഷം രൂപയാണ്. ഡയനാമിക് എച്ച്എസ്ഇയോടു കൂടിയ രണ്ട് എഞ്ചിനുകളിലാണ് പുതിയ റേഞ്ച് റോവർ വേലർ ഉപഭോക്താക്കളിലേക്കെത്തുന്നത്. 184 കിലോവാട്ട് കരുത്തും 365 എൻ എം ടോർക്കും നൽകുന്ന 2.0 പെട്രോൾ എഞ്ചിനിലും 150 കെ ഡബ്ലിയു കരുത്തും 430 എൻ എം ടോർക്കും നൽകുന്ന 2.0 ഇങ്കേനിയം ഡീസൽ എഞ്ചിനിലും വാഹനം ലഭ്യമാകും. റേഞ്ച് റോവർ വേലറിന്റെ സവിശേഷതകളിൽ പ്രധാനമാണ് മുന്നിലെ ഗ്രിൽ. അതോടൊപ്പം പുതിയ പിക്സൽ എൽഇഡി ഹെഡ് ലൈറ്റുകളും വാഹനത്തെ കൂടുതൽ ആകർഷകമാക്കുന്നു. ആക്റ്റീവ് റോഡ് നോയ്സ് ക്യാൻസലേഷൻ, ക്യാബിൻ എയർ പ്യൂരിഫിക്കേഷൻ പ്ലസ് എന്നിവ ഡ്രൈവിംഗ് കൂടുതൽ സൗകര്യപ്രദമാക്കുന്നു. ജൂലൈയിൽ വാഹനത്തിന്റെ പ്രീബുക്കിംഗ് കമ്പനി ആരംഭിച്ചിരുന്നു.

# സായ് സിൽക്ക്സ്  ഐപിഒ സെപ്റ്റംബർ 20 മുതൽ

**കൊച്ചി:** സായ് സിൽക്സിൻറെ (കലാമന്ദിർ) പ്രാഥമിക ഓഹരി വിൽപന (ഐപിഒ) സെപ്റ്റംബർ 20 മുതൽ 22 വരെ നടത്തുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. രു രൂപ മുഖവിലയുള്ള ഓഹരികൾക്ക് 210 രൂപ മുതൽ 222 രൂപ വരെയാണ് പ്രൈസ് ബാൻഡ്. കുറഞ്ഞത് 67 ഓഹരികൾക്കും തുടർന്ന് അതിൻറെ ഗുണിതങ്ങൾക്കുമായി അപേക്ഷിക്കാം. 6,000 ദശലക്ഷം രൂപ വരെയുള്ള പുതിയ ഓഹരികളും 27,072,000 വരെ നിലവിലുള്ള ഓഹരികളുമാണ് ഐപിഒയിൽ ലഭ്യമാകുക.30 പുതിയ സ്റ്റോറുകൾ ആരംഭിക്കാനും രു വെയർ ഹൗസുകൾ സ്ഥാപിക്കാനും മറ്റു മൂലധന ചെലവുകൾക്കും വായ്പകൾ മുഴുവനായോ ഭാഗികമായോ അടച്ചു തീർക്കുന്നതിനുമായിരിക്കും സമാഹരിക്കുന്ന തുക പ്രയോജനപ്പെടുത്തുകയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സിഗ്നേചർ ഗ്ലോബൽ ഐപിഒ സെപ്റ്റംബർ 20 മുതൽ

**കൊച്ചി:** ഡൽഹി എൻസിആർ മേഖലയിലെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് കമ്പനിയായ സിഗ്നേചർ ഗ്ലോബൽ (ഇന്ത്യ) ഐപിഒയ്ക്ക് സെപ്റ്റംബർ 20ന് തുടക്കമാകും.  സെപ്റ്റംബർ 22 വരെ നടക്കുന്ന ഐപിഒയിൽ കുറഞ്ഞത് 38 ഓഹരികൾക്കും തുടർന്ന് അതിന്റെ ഗുണിതങ്ങൾക്കും അപേക്ഷ സമർപ്പിക്കമെന്ന് കമ്പനി അധികൃതർ അറിയിച്ചു.ഒരു രൂപ മുഖവിലയുള്ള ഓഹരികളുടെ പ്രൈസ് ബാൻഡ് 366 രൂപ മുതൽ 385 രൂപ വരെയാണ്.  7,300 ദശലക്ഷം രൂപ വരെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 6030 ദശലക്ഷം രൂപ വരെയുള്ള പുതിയ ഓഹരികളും ഉൾപ്പെടുന്നു.

## മേരി മാട്ടി മേരാ ദേശ്: അമൃത കലശ യാത്രയ്ക്ക് മണ്ണ് ശേഖരിച്ചു

**കൊച്ചി:** കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ എന്റെ മണ്ണ് എന്റെ രാജ്യം രണ്ടാംഘട്ട പരിപാടിയുടെ ഭാഗമായി അമൃത കലശ യാത്രയ്ക്ക് വേണ്ട മണ്ണ് മുടക്കുഴ രാജീവ് ഗാന്ധി ക്ലബ് അംഗങ്ങൾ ശേഖരിച്ചു.ക്ലബ് അംഗങ്ങളായ അഭിജിത്ത് ജയൻ , കെ.എം.ഫൈസൽ , ഇ. എം എൽദോസ് , അജുവർഗീസ്, ഷിജു ജോസ് കബീർ പൂക്കാട്ടുശ്ശേരി, എൽദോ ഐസക് ,ആന്റണി ജോയ് എന്നിവർ പങ്കെടുത്തു. ക്ലബ് പ്രസിഡന്റ് ജോയ് മുഖ്യപ്രഭാഷണം നടത്തി.

# എഐ ഡിസൈൻ ആപ്പുമായി കെഎസ് യുഎം സ്റ്റാർട്ടപ്പ്

**കൊച്ചി:** ചെറുകിടക്കാർക്കും ആഗോളവിപണനതന്ത്രത്തിൽ മത്സരക്ഷമത ഉറപ്പു വരുത്തുന്ന നിർമ്മിത ബുദ്ധി ആപ്പുമായി കെഎസ് യുഎം സ്റ്റാർട്ടപ്പ് വിസാർഡ് രംഗത്തെത്തി. ചെറുകിട വാണിജ്യം നടത്തുന്നവർക്ക് ലളിതമായ രീതിയിൽ ആഗോളനിലവാരത്തിലുള്ള വിപണനതന്ത്രങ്ങൾ രൂപകൽപ്പന ചെയ്യാനുതകുന്നാണ് ഈ ആപ്പ്.ഏത് വിഭാഗത്തിലുള്ള സംരംഭങ്ങൾക്കും പറ്റിയ ഡിസൈൻ, നിറഭേദങ്ങൾ, വ്യത്യസ്തതയാർന്ന അക്ഷര രൂപകൽപനകൾ, ചിത്രങ്ങൾ, പാറ്റേണുകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉത്സവസീസണുകളിൽ നൽകേണ്ട പോസ്റ്ററുകൾ, ഉത്പന്നങ്ങളുടെ അവതരണം, ഡിജിറ്റൽ പ്രചാരണം, ഡിജിറ്റൽ ബിസിനസ് കാർഡ് എന്നിവയെല്ലാം ഈ ആപ്പിലൂടെ ലഭിക്കുമെന്ന് വിസാർഡ് സിഇഒ സനിദ് എം ടി പി പറഞ്ഞു.ഏതാണ്ട് അഞ്ച് കോടി ഡിസൈനുകളാണ് ഒരു ദിവസം ലോകത്ത് രൂപപ്പെടുത്തുന്നത്. വളരെയധികം മനുഷ്യവിഭവശേഷി വേണ്ട കാര്യമാണിത്. ചെലവേറിയ ഈ പ്രക്രിയ ചെറുകിടക്കാർക്ക് അന്യമാണ്. ഈ വെല്ലുവിളി ഏറ്റെടുത്താണ് ഡിസൈൻ രംഗത്തെ അന്തരം ഒഴിവാക്കി തുല്യഅവസരം നൽകുന്നതിനുള്ള പരിശ്രമം വിസാർഡ് നടത്തിയതെന്നും സനിദ് പറഞ്ഞു.ആശയത്തിൽ നിന്ന് പൂർണ രൂപകൽപനയിലേക്കെത്താനുള്ള എല്ലാ സംവിധാനങ്ങളും ഇതിൽ ഒരുക്കിയിട്ടുണ്ട്. ഈ കഴിഞ്ഞ ഓണക്കാലത്ത് മാത്രം തന്നെ 50,000 ഓളം ഡിസൈനുകൾ ഈ ആപ്പ് വഴി നിർമ്മിച്ചിട്ടുണ്ട്.സൗജന്യവും പ്രീമിയവുമായ പ്ലാനുകളാണ് ഈ ആപ്പിലുള്ളത്. സമഗ്രമായ വിപണന തന്ത്രം ആവശ്യമായ ബിസിനസുകൾക്ക് അതനുസരിച്ചുള്ള സേവനങ്ങൾ പ്രീമിയം സംവിധാനത്തിലൂടെ ലഭ്യമാക്കും. പ്രമുഖ ബ്രാൻഡുകളുമായി ചെറുകിടക്കാർക്ക് മത്സരക്ഷമത വളർത്തുവാൻ ഈ ആപ്പ് നിർണായകമാണെന്ന് സനിദ് പറഞ്ഞു. ചെറിയ ഹോട്ടലുകൾക്ക് വരെ ആഗോള ഹോംഡെലിവറി സംവിധാനവുമായി മത്സരിക്കാൻ ഇതിലൂടെ സാധിക്കും. സാമൂഹ്യമാധ്യമങ്ങളായ ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്, വാട്സാപ്പ് എന്നിവയിൽ സജീവ സാന്നിദ്ധ്യമായി നിൽക്കാനും വിസാർഡിലൂടെ കഴിയുമെന്ന് സനിദ് ചൂണ്ടിക്കാട്ടി.കളമശേരിയിലെ ടെക്നോളജി ഇനോവേഷൻ സോണിലാണ് വിസാർഡ് പ്രവർത്തിക്കുന്നത്. കെഎസ് യുഎമ്മിൽ നിന്നും സ്റ്റാർട്ടപ്പ് ഇന്ത്യയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രണവ് വർമ്മ, അർവിതിക് പുറവങ്കര എന്നിവരാണ് കമ്പനിയുടെ സഹസ്ഥാപകർ.




# സ്കിൽ ഇന്ത്യ ഡിജിറ്റൽ അവതരിപ്പിച്ച് കേന്ദ്ര സർക്കാർ




**കൊച്ചി:** ഗുണനിലവാരമുള്ള നൈപുണ്യ വികസനം, അവസരങ്ങൾ, സംരംഭകത്വ പിന്തുണ എന്നിവ ഓരോ ഇന്ത്യക്കാരനും ലഭ്യമാകുന്നെന്ന് ഉറപ്പുവരുത്തുന്നതിനായി സ്കിൽ ഇന്ത്യ ഡിജിറ്റൽ അവതരിപ്പിച്ച് കേന്ദ്ര സർക്കാർ. ഇന്ത്യയുടെ വൈദഗ്ധ്യം, വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം എന്നിവ സമന്വയിപ്പിക്കുന്നതിനും പരിവർത്തനം ചെയ്യുന്നതിനും ലക്ഷ്യമിട്ടുള്ള സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമായ സ്കിൽ ഇന്ത്യ ഡിജിറ്റൽ (എസ്ഐഡി) കേന്ദ്ര വിദ്യാഭ്യാസ, നൈപുണ്യ വികസന മന്ത്രി ധർമേന്ദ്ര പ്രധാനാണ് നാടിന് സമർപ്പിച്ചത്. എല്ലാവർക്കും, എവിടെയും, എപ്പോൾ വേണമെങ്കിലും നൈപുണ്യം പ്രാപ്തമാക്കുകയെന്നതാണ് സ്കിൽ ഇന്ത്യ ഡിജിറ്റലിലൂടെ ലക്ഷ്യമിടുന്നത്.വ്യക്തിഗതമാക്കിയ പഠനവും സുരക്ഷിതമായ ആധികാരികതയും മുതൽ ബിസിനസ് സുഗമമാക്കലും ദേശീയ ഒത്തുചേരലും വരെ, നൈപുണ്യ ഇന്ത്യ ഡിജിറ്റൽ നവീകരണത്തിന്റെയും പുരോഗതിയുടെയും ഒരു വഴിവിളക്കായി നിലകൊള്ളുന്നു. ഇന്ത്യൻ വിദ്യാഭ്യാസത്തിലും നൈപുണ്യ വികസനത്തിലും ശാശ്വതമായ സ്വാധീനം ചെലുത്തിക്കൊണ്ട് അതിന്റെ യാത്ര പ്രചോദിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നു.

# 'റേച്ചൽ 'പല്ലാവൂരിൽ തുടങ്ങി




**കൊച്ചി:** ഹണി റോസിനെ കേന്ദ്ര കഥാപാത്രമാക്കി സംവിധായകൻ എബ്രിഡ് ഷൈൻ അവതരിപ്പിക്കുന്ന 'റേച്ചൽ'എന്ന് ചിത്രത്തിന്റെ ചിത്രീകരണം പാലക്കാട് പല്ലാവൂരിൽ ചിത്രീകരണം ആരംഭിച്ചു.ആനന്ദിനി ബാല സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ ബാബുരാജ്, കലാഭവൻ ഷാജോൺ റോഷൻ, ചന്തു സലീംകുമാർ,രാധിക തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.ബാദുഷ പ്രൊഡക്ഷൻസ്, പെൻ ആന്റ് പേപ്പർ ക്രിയേഷൻസ് എന്നീ ബാനറിൽ ബാദുഷ എൻ എം,ഷിനോയ് മാത്യു,എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന 'റേച്ചലി' ന്റെ ഛായാഗ്രഹണം സ്വരൂപ് ഫിലിപ്പ് നിർവ്വഹിക്കുന്നു.രാഹുൽ മണപ്പാട്ട്, എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമഞ്ജു ബാദുഷ, നീതു ഷിനോയ്,കോ പ്രൊഡ്യൂസർഹന്നൻ മറമുട്ടം,ലൈൻ പ്രൊഡ്യൂസർപ്രിജിൻ ജി പി, പ്രൊജക്ട് കോ ഓർഡിനേറ്റർപ്രിയദർശിനി പി എം,കഥരാഹുൽ മണപ്പാട്ട്,സംഗീതം,ബിജിഎംഅങ്കിത്മേനോൻ,എഡിറ്റർ മനോജ്, പ്രൊഡക്ഷൻ കൺട്രോളർപ്രവീൺ ബി മേനോൻ,പ്രൊഡക്ഷൻ ഡിസൈനർ സുജിത് രാഘവ്, ആർട്ട്ഡയറക്ടർ സുഭാഷ് കരുൺ,മേക്കപ്പ്രതീഷ് വിജയൻ, കോസ്റ്റ്യൂംസ്ജാക്കി,സ്റ്റിൽസ്നിദാദ് കെ.എൻ,പരസ്യകലടെൻ പോയിന്റ്,പ്രമോഷൻ സ്റ്റിൽസ് വിഷ്ണു ഷാജി, ചീഫ് അസോസിയേറ്റ് ഡയറക്ടർരതീഷ് പാലോട്, ഫിനാൻസ് കൺട്രോളർഷിജോ ഡൊമനിക്,ആക്ഷൻ പി സി സ്റ്റണ്ട്സ്,സൗണ്ട് ഡിസൈൻശ്രീശങ്കർ,സൗണ്ട് മിക്സ്രാജാകൃഷ്ണൻ എം ആർ,ഡിജിറ്റൽ മാർക്കറ്റിംഗ്മാറ്റിനി ലൈവ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സക്കീർ ഹുസൈൻ,പി ആർ ഒഎ എസ് ദിനേശ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% CUSTOMER SATISFACTION GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663